REGD. No. M. 4374.

Annual Subscription Rs. 5/-

മാപ്പിളറിവ്യൂ

The MAPPILA REVIEW

VOL 4 | SEPTEMBER 1944 | No. 5



Printed by K. A. KRISHNAN at the Empire Press, Calicut. Edited & Published by K. ABUBUCKER.

അതാണ് ഇവൎക്ക്
സമ്പൂൎണ്ണാരോഗ്യം
നൽകി
ഞങ്ങളുടെ ജീവിതം
സന്ദായകമാക്കിയത്.

കേസരികുടീരം ലിമിററഡ്, മദിരാശി.

മലബാർ, കൊച്ചി, തിരുവിതാംകൂർ, തെക്കൻ കൎണ്ണാടകം
മുതലായ ദിക്കുകളിലേക്കു ഏജണ്ടുമാർ :—
കൊച്ചിൻ മെഡിക്കൽ സ്റ്റോർസ്, തൃശ്ശിവപേരൂർ.

The Standard Furniture Co., Ltd.,

KALLAI, MALABAR.



Manufacturers of HOUSEHOLD and OFFICE FURNITURE

Branches :-

MADRAS— 34/35 General Patters Road, Mount Road.
TRICHINOPOLY-Promenade Road, Cantt.
COIMBATORE— Avanasi Road.
BANGALORE— Kempegowda Road, Bangalore City.



ശംഖ്മാക്ക്

കൈത്തറി ലുങ്കികൾ, കൈലേസുകൾ മുതലായവ മാറ്റ വവും, ധരിപ്പാൻ സുഖവും, ഭംഗിയിൽ നിമ്മിതവുമാണ്.

MOHAMED ABOOBACKER & CO.

YARN & HAND LOOM PRODUCTS MERCHANTS
PHONE. 4477- GRAMS "KYLEKING"
95. THAMBU CHETTY ST.-G.T. MADRAS.

Telephone: No. B. B. 2987
Telegrams: "CHANKLUNGI"
65/11-12, Lower Chitpur Road, CALCUTTA

&

Telegrams: "CHANKMARK'
DOOR No, 84.
East Veli Street, MADURA.

മുഹമ്മദ് അബൂബെക്കർ & കമ്പനി.

84 ഈസ്റ്റ് വെളിസ്റ്റ്റീററ്, മധുര.

Contents

		Page
1.	The Prophet's Happiest Id	1
2.	A Day with Churchill	2
3.	Some discoveries—Lokavaloki	4
4.	Publishing Houses of the Soviet Union—K. A. Kodungallur	6
5.	Our Country Craft—Verghese Kalathil M. A.	8
6.	Teaching of Malayalam Language—K. Kuriakkos, Thottungal M.A., L.T.	10
7.	Shark Liver Oil Industry in India—C. R. Knnhunni,	13
8.	Poem—T. P. Mathew, B.A., L.T.	15
9.	The Sterling Balance of India—B. C. Verghese, M. A.	18
	Children's Column	
10	From Belgium—Khan Bahadur K. Muhamad, M. A.	20
11.	Notes	24

Visit 'BADSHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST

For almost anything & everything up-to-date in PIECE GOODS and FANCY ARTICLES.

Prices Defy competition.

കോഴിക്കോട്

'ബാദഷാ സ്റ്റോർസ്സിൽ'

എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണ്.

S. H. BADSHA SAHEB & CO.,
HUZUR ROAD,
CALICUT.

മദനൻ അതിയായ ക്ഷീണം, ഉത്സാഹക്കുറവു, ഓർമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവ്, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദര്യവും നിലനിർത്തി ജീവിതത്തെ ആനന്ദസമ്പൂർണ്ണമാക്കുന്നു. 16 വയസ്സിനു മേലുള്ള സ്ത്രീപുരുഷന്മാർക്കു ഉപയോഗിക്കാം. വിശേഷപഥ്യങ്ങളും ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്ക് 2ക. മാത്രം.

സ്വാമി രാമാനന്ദൻസ് സിദ്ധവൈദ്യാശ്രമം

ബ്രാഞ്ച് ബാനർജി റോഡ്, എറണാകുളം H. O. Trichur.

Keeps the skin Fresh

കേരള വേപ്പ് സോപ്പ്

ചർമ്മശുദ്ധിക്കത്യുത്തമം

ഹൃദ്യമായ പരിമളം

Kerala

VEP SOAP

KERALA SOAP INSTITUTE, CALICUT.

യുദ്ധഗതി

എത്ര തൃപ്തികരം

★ സുഖമില്ലാത്തവരും

★ മുറിവേററവരും

★ യുദ്ധത്തടവുകാരും

നിങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നു. ഗവർണ്ണരുടെ "റെഡ്ക്രോസ്സിന്നു" വേണ്ടിയുള്ള യുദ്ധഫണ്ടിലേക്കു് സംഭാവനചെയ്തുകൊണ്ടു ഈ മഹൽകാര്യത്തിനുള്ള നിധിയെ ശക്തിപ്പെടുത്തുക.

Use "CROWN BRAND" TILES

Managing Proprietor:—
P. K. NAIR.

REGD

TRADE MARK

Estd. 1920.

Tele { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot &
Branch Office at
Wolfendhol
Street, Colombo

14" Gauge



Perfect Model

Best quality "Crown" brand roofings and other tiles

Strong, light & non-porous.

Largely used throughout
INDIA, BURMA, CEYLON & F. M. S.

Manufactured by:—

The Malabar Tile Works,
FEROKE, S. Malabar

The South India Corporation (Madras) Ltd.,
CaLICUT H. O. Chettinad.

1. കമേർസിയൽ എമ്പോറിയം മിഠായിത്തെരുവ്, കോഴിക്കോട്:—

കൈത്തറിയിലും മില്ലുകളിലും ഉണ്ടാക്കുന്ന എല്ലാതരം ശീലത്തരങ്ങളും സിൽക്കുസാരികളും ഗവൎമ്മെണ്ടു നിശ്ചയിച്ച വിലക്കു ഇവിടെ ചില്ലറയായി വിററുവരുന്നു. വലിയങ്ങാടിയിൽ ഞങ്ങളുടെ ഇരുമ്പുഷാപ്പിൻെറ മുകളിൽ ശീലത്തരങ്ങൾ മൊത്തമായും വിൽപ്പന നടത്തുന്നു.

2. പ്രൊഡ്യൂസ്സ് ഡിപ്പാർട്ടുമെൻറ്, വലിയങ്ങാടി, കോഴിക്കോട്:—

അരി, പഞ്ചസാര, മററു ധാന്യങ്ങൾ മുതലായവ മൊത്തമായി വ്യാപാരം നടത്തുന്നു.

3. ഹാർഡ്‌വെയർ & ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറ്, വലിയങ്ങാടി, കോഴിക്കോട്:—

ഇവിടെ സൈക്കിൾ സ്പെയർ പാർട്ടുകൾ, ഇലക്ട്രിക്ക് സാമഗ്രികൾ, കെട്ടിടങ്ങൾക്കാവശ്യമുള്ളതായ ഇരുമ്പ്, പിച്ചള, പെയിൻറ്, പോളിഷ് മുതലായവ വിൽക്കപ്പെടുന്നു.

4 മലബാർ ടിമ്പർ സ്റ്റോർസ് കല്ലായി:—

എല്ലാതരം മരത്തരങ്ങളും ഉരുപ്പടികളും പണിത്തരമായും ഇവിടെ കച്ചവടം നടത്തുന്നു.

5. ബോംബെ, വസീർ ഇനാമൽ വർക്ക്സ് കാരുടെ താക്കോൽമാർക്ക് ഇനാമൽ പ്ലേയിററു മുതലായവയും ആസ്പത്രികൾക്കാവശ്യമായ എല്ലാവിധ ഇനാമൽ സാമാനങ്ങളും, തങ്കക്കട, തങ്കക്കൊക്ക് എന്നീ മാർക്ക് തീപ്പെട്ടികളും മലബാർ ഡിസ്ട്രിക്റ്റിന്ന് ഞങ്ങൾ ഏജൻസി എടുത്ത് സപ്ലൈ ചെയ്യുന്നുണ്ട്.

മേൽ വിവരിച്ച എല്ലാവിധ സാമാനങ്ങളും ഗവർമ്മെണ്ട് നിജപ്പെടുത്തിയ വിലക്ക് വിൽക്കപ്പെടുന്നതാണ്.

സൌത്ത് ഇന്ത്യാ കോർപ്പൊറേഷൻ (മദിരാശി) ലിമിററഡ്, കോഴിക്കോട്.

മാപ്പിള റവ്യു

പുസ്തകം 4. | 1944 സെപ്തമ്പ്ര് | ലക്കം 5

നബി(സ)യുടെ ഏറ്റവും ആനന്ദകരമായ "ഈദ്"

ഈദ് പ്രഭാതം സമാഗതമായി. മെദീനാപട്ടണത്തിൽ പൊടിപൂരമായി ആഘോഷങ്ങൾ നടന്നു. സൂര്യൻ ഉദിച്ചുയർന്നപ്പോഴേയ്ക്കു ജനങ്ങൾ മോടിയേറിയ വസ്ത്രങ്ങളണിഞ്ഞുകൊണ്ടു മഹാവീഥികളിൽ സഞ്ചരിച്ചു തുടങ്ങി. ഓരോരുത്തരായും, കൂട്ടംകൂട്ടമായും അവർ പട്ടണപ്രാന്തത്തിലുള്ള "ഈദ്ഗാ"യിലേക്കുപോകയാണ്. അവരെല്ലാം സന്തോഷഭരിതരായി കാണപ്പെട്ടു.

ഈ ആഘോഷദിനത്തിൽ ഈദ്ഗായിലേക്കുള്ള പെരുവഴിയുടെ ഒരറ്റത്ത് ഒരു ബാലകൻ നിരാശ്രയനായി ദാരിദ്ര്യത്താൽ വലഞ്ഞു ദുഃഖം മൂർത്തീമത്തായതുപോലെ ഇരിക്കുന്നു. അവന്റെ ദേഹം മറയ്ക്കുവാൻ ഒരു കീറത്തുണിപോലും ഇല്ല. ആകർഷകമായ വേഷംധരിച്ചു പെരുവഴിയെ അലങ്കരിക്കുന്ന കോടീശ്വരന്മാരെ നോക്കിക്കൊണ്ടു അവൻ നെടുവീർപ്പിട്ടു. ഈദ് പ്രാർത്ഥനയ്ക്കായിപോകുന്ന സന്തോഷം നിറഞ്ഞ ജനക്കൂട്ടത്തിന് ഈ അനാഥബാലന്റെ ദുരിതം കാണുവാൻ കണ്ണില്ലായിരുന്നു. അവൻ നമ്രശിരസ്കനായി സ്വന്തകൈപ്പത്തികളിൽ മുഖം മറച്ചുകൊണ്ടു വിങ്ങിവിങ്ങികരഞ്ഞു. അപ്പോൾ ശിഷ്യന്മാരുമായി റസൂൽതിരുമേനി അതിലേ വരുന്നതിനിടയായി. ഇസ്ലാമിലെ ആദ്യത്തെ നാലു ഖലീഫമാരായിത്തീർന്നതു ഈ ശിഷ്യന്മാരായിരുന്നു. ഏകാകിയായിരുന്ന ബാലകനെ തിരുമേനി കണ്ടു. ബാലകന്റെ അടുത്തുചെന്നു അവനെ തലോടിക്കൊണ്ടു നബി ചോദിച്ചു:—"മകനേ, നീയെന്താണിവിടെ തനിയേ ഇരിക്കുന്നതു്? നീ വളരെ കരഞ്ഞുവെന്നു തോന്നുന്നല്ലോ. നിന്റെ അച്ഛനും അമ്മയും നിന്നോടു വിരോധമാണോ? എല്ലാ ജനങ്ങളും ആഹ്ലാദിക്കുമ്പോൾ നീ ഇങ്ങനെ സങ്കടപ്പെടുവാനുള്ള കാരണമെന്തു്?"

നബിയുടെ വാക്കുകൾ അവന്റെ ദുഃഖത്തെ ഇളക്കുകയാണു ചെയ്തതു്. അവൻ വാവിട്ടുകരഞ്ഞു. ദുഃഖത്തെ അടക്കുവാൻ ശ്രമിച്ചുകൊണ്ടു അവൻ ഇങ്ങനെ പറഞ്ഞു: "ഗുരോ, എനിക്കാരും ആശ്രയമില്ല. എന്റെ അച്ഛനും അമ്മയും മരിച്ചുപോയി."

ബാലകന്റെ വാക്കുകൾ കേട്ട് നബിയുടെ ഹൃദയം കരുണാർദ്രമായി. അദ്ദേഹം അവനെ സ്നേഹത്തോടുകൂടി വീണ്ടും തലോടിക്കൊണ്ടു അരുളിച്ചെയ്തു:—"മകനേ, വ്യസനിക്കേണ്ട. ഇന്നു മുതൽ ഞാൻ നിന്റെ അച്ഛനും, അയിഷ നിന്റെ അമ്മയും ആണ്."

അദ്ദേഹം അവനെ സ്വഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. വീട്ടിനുള്ളിൽ പ്രവേശിച്ചു സ്വഭാര്യയായ ഹസറത്ത് ആയിഷയെ വിളിച്ചു അദ്ദേഹം ഇങ്ങനെ അരുളിച്ചെയ്തു:—"ഇന്നു നമുക്കൊരു കൊച്ചുവിരുന്നുകാരനുണ്ട്. അവനെ കുളിപ്പിച്ചു ഏറ്റവും നല്ല വസ്ത്രങ്ങൾ അണിയിക്കുക. അവന് ആവശ്യമുള്ള ആഹാരവും നൽകണം."

ഭർത്താവിന്റെ കല്പനയെ ശിരസ്സാ വഹിച്ചുകൊണ്ട് വന്ദ്യയായ ആ സഹധർമ്മിണി കുട്ടിയെക്കുളിപ്പിച്ചു വസ്ത്രമണിയിച്ച് ആഹാരം നൽകി. ബാലകൻ ഉത്സാഹഭരിതനായി നന്ദിസ്ഫുരിക്കുന്ന നയനങ്ങളോടുകൂടി നബിയുടെ സമീപത്തേക്കു വന്നു. ആ ലോകഗുരു അവനെ അരികിൽചേർത്താലിംഗനംചെയ്തു. അദ്ദേഹം ആനന്ദബാഷ്പം ചൊരിഞ്ഞു. "അയിഷാ, ഇന്നു എന്റെ ജീവിതത്തിലെ ഏറ്റവും ആനന്ദം നിറഞ്ഞ ഈദ് ആണ്. ഈ അനാഥബാലന്റെ സന്തോഷം ഹേതുവായി ഞാൻ സത്യമായ ആനന്ദം അനുഭവിച്ചു." തന്റെ ഭാര്യയോട്, ഇപ്രകാരം അരുളിച്ചെയ്തതിന്റെ ശേഷം, ബാലനെ തോളിലേന്തിക്കൊണ്ട് നബി ഈദ്ഗായിലേക്കുപോയി.

ചർച്ചിലിന്റെ ദിനചര്യ*

രാവിലെ എട്ടു മണിയായി. പ്രധാനമന്ത്രി മണി അടിക്കുന്നതു കേട്ട് ഒരു സേവകൻ ചായയും പാത്രങ്ങളുമായി മുറിക്കകത്തു പ്രവേശിക്കുന്നു. പത്തു മിനിററു കഴിഞ്ഞു രാവിലത്തെ ഭക്ഷണവും മുറിക്കകത്തു വന്നു കഴിഞ്ഞു.

മി. ചർച്ചിൽ പത്രങ്ങൾ സൂക്ഷ്മതയോടുകൂടി വായിക്കും. പത്രാധിപന്മാരെയോ, പത്രമുടമസ്ഥന്മാരെയോ കാണാൻ പോകയില്ല; എന്നാൽ, പത്രപ്രവർത്തനത്തിൽ അത്യധികം പരിചയമുള്ള മി. ചർച്ചിലിന് അവർ വിചാരിക്കുന്നതെന്തെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല.

ലണ്ടൻ പത്രങ്ങളെ കൂടാതെ രാവിലെ അദ്ദേഹം വായിക്കുന്ന പത്രം "മാഞ്ചെസ്റ്റർ ഗാർഡിയൻ" മാത്രമാണ്. ഈ പത്രത്തിന് ആപേക്ഷികമായി വരിക്കാർ കുറവാണെങ്കിലും സ്വാധീനശക്തി വളരെ കൂടുതലുണ്ട്.

രാവിലത്തെ ഭക്ഷണം കഴിഞ്ഞാൽ മി. ചർച്ചിൽ കിടക്കയിൽതന്നെ കിടന്നുകൊണ്ടു അന്നത്തെ പരിപാടിയിലുള്ള ആദ്യത്തെ "ചുരുട്ട്" പുകച്ചു തുടങ്ങും.

രാവിലെ ഒമ്പതു മണിയാകുമ്പോൾ ഓരോ വകുപ്പിലെയും സെക്രട്ടറിമാർ മി. ചർച്ചിലിന്റെ കിടക്കമുറിയിലേക്കു ഇരച്ചുകയറും. ഡോമിനിയൻ കാര്യാലയത്തിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ, നാവികവകുപ്പിലെ പ്രശ്നങ്ങൾ, സമരകാര്യാലയം, വ്യോമകാര്യാലയം മുതലായ വിവിധഡിപ്പാർട്ടുമെന്റിലെ ഭരണരീതി, എന്നിവയെല്ലാം പ്രധാനമന്ത്രിയുടെ ആലോചനയ്ക്കു വിഷയമാകും. "ഇന്ന് ചെയ്തുതീർക്കേണ്ടത്", "പിന്നീട് ആലോചിക്കേണ്ടതു" ഇങ്ങനെ ഓരോ ഇനമായി സർവ്വ കാര്യങ്ങളും വിഭജിക്കും.

ഒമ്പതര മണിക്ക് ഗവർമ്മെന്റിലെ "ചീഫ്‌വിപ്പി"നെയും, അതു കഴിഞ്ഞു നിയമസഭയിലെ ലീഡറിനെയും കാണും. "ലിബറൽ ഭേദഗതിനിയമത്തെ എങ്ങനെ കൈകാര്യം ചെയ്യണം," "ഹിൻചിൻബ്രൂക്കിന്റെ പുറകെ കൂടിയിരിക്കുന്ന 'ടോറി' യുവാക്കൾക്ക് എന്തു ചെയ്യുവാൻ സാധിക്കും" എന്നീ വിഷയങ്ങളെക്കുറിച്ചു അവരുമായി അദ്ദേഹം ആലോചിക്കും.

പ്രധാനമന്ത്രിയിൽ സർവ്വ അധികാരങ്ങളും നിക്ഷിപ്തമായിരിക്കുന്നു. നാവികസേനയെയും, കരസൈന്യത്തെയും യുദ്ധക്കളത്തിലേക്കു പറഞ്ഞയയ്ക്കുവാനോ, ജനങ്ങളെ മുഴുവൻ ഇഷ്ടംപോലെ നിയന്ത്രിക്കുന്നതിനോ, അദ്ദേഹത്തിന് അധികാരമുണ്ട്. എന്നാൽ പാർലിമെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ ആ ജോലി വഹിക്കുവാൻ സാധിക്കയുള്ളുവെന്ന് അദ്ദേഹത്തിനു നല്ലതുപോലെയറിയാം.

പത്തുമണിയാകുമ്പോൾ മി. ചർച്ചിലിന്റെ കുളി കഴിയും. ഉടൻ വസ്ത്രം മാറുകയും ചെയ്യും. എപ്പോഴും അദ്ദേഹം ഒരേ വേഷംതന്നെയാണ് ധരിക്കുന്നതു; ഇരുണ്ട നിറമുള്ള ജാക്കററും, വരയുള്ള ട്രൌസറും, "ബോ" ടൈയ്യും. ചെറുപ്പകാലത്ത് പലതരത്തിലുള്ള തൊപ്പി ധരിക്കുന്നതിൽ അദ്ദേഹത്തിനു കൌതുകമുണ്ടായിരുന്നു. അക്കാലത്തും, സൂട്ടും, ഷർട്ടും, ടൈയ്യും വ്യത്യാസപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല.

ചർച്ചിൽ വീട്ടിനുള്ളിൽവെച്ചോ വെളിയിൽവെച്ചോ യാതൊരുവിധമായ വ്യായാമവും ചെയ്യുന്നില്ല.

കോമൺസ്സഭയുടെ ആരംഭത്തിൽ ഒരു മണിക്കൂർനേരം ചോദ്യങ്ങൾതന്നെയായിരിക്കും. അടിയന്തരാവശ്യം വല്ലതും നേരിട്ടാൽ, ചോദ്യങ്ങൾക്കുത്തരം പറയുവാൻ ഡെപ്യൂട്ടി പ്രധാനമന്ത്രിയെ ഏല്പിച്ചിട്ടു അദ്ദേഹം പുറപ്പെടും. പ്രധാനമന്ത്രിയുടെ പേർക്കുള്ള ചോദ്യങ്ങൾ നിവൃത്തിയുള്ളിടത്തോളം തനിക്കുതന്നെ പറയണമെന്ന് മി. ചർച്ചിലിനു നിർബ്ബന്ധമാണ്.

മന്ത്രിസഭ സാധാരണ കൂടുന്നതു മി. ചർച്ചിലിന്റെ താമസസ്ഥലത്തുവെച്ചോ, കോമൺസ്സഭാമന്ദിരത്തിൽവെച്ചോ ആയിരിക്കും. നിയമസഭയിൽ മി. ചർച്ചിൽ പ്രസംഗിക്കേണ്ട ദിവസങ്ങളിൽ മന്ത്രിസഭ ഉച്ചതിരിഞ്ഞു മാത്രമെ കൂടുകയുള്ളു. പ്രസംഗം കഴിഞ്ഞാൽ, അടുത്തുള്ളമുറിയിൽ പ്രവേശിച്ചു മി. ചർച്ചിൽ ഒരു ചുരുട്ടുകത്തിക്കും. കുറെ നിമിഷങ്ങൾ പത്രം വായിക്കുവാൻ ചെലവാക്കും.

വീണ്ടും ഭക്ഷണസമയമായി. ഒന്നരമണിക്കു ഭക്ഷണം കഴിയും. ഒരു ചുരുട്ടു പുകച്ചുകൊണ്ടു പ്രധാനമന്ത്രി മന്ത്രിസഭാമന്ദിരത്തിൽ പ്രവേശിക്കും. ഇവിടെയാണ് അദ്ദേഹത്തിന്റെ ജോലിയിൽ സിംഹഭാഗവും ചെയ്തുതീർക്കുന്നതു. ദ്രുതഗതിയിൽ ജോലി തുടരും. സഹപ്രവർത്തകരെ അത്ഭുതാവഹമായ രീതിയിൽ ഉജ്ജ്വലരാക്കും.

യുദ്ധം അദ്ദേഹത്തിന് ഒരു യക്ഷികഥയല്ല. യുദ്ധം അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതത്തിന്റെ ഒരംശമായി പരിണമിച്ചിരിക്കുന്നു. വിമാനങ്ങളുടെ ആരവം അദ്ദേഹം കേൾക്കുന്നു. ശത്രുക്കളായ ഭടന്മാരുടെ പോരാട്ടം അദ്ദേഹം കാണുന്നു. യുവാക്ക

---

* ഇംഗ്ലീഷിൽനിന്ന്.

ളുടെ ശരീരങ്ങൾ നിർജ്ജീവമായി നിലം പതിക്കുന്നതു അദ്ദേഹം കാണുന്നു.

അദ്ദേഹത്തിന്റെ അംഗുലി ഒന്നു ചലിപ്പിച്ചാൽ മതി; നാവികസേനയിലെ ഗംഭീരമായ അകമ്പടിക്കപ്പലുകൾ സമുദ്രത്തിൽ പ്രവർത്തിച്ചു തുടങ്ങും. അദ്ദേഹം ഒന്നു മൂളിയാൽമതി; അർദ്ധരാത്രിയുടെ അന്ധകാരത്തിൽ ക്രൂസറുകൾ ആരുമറിയാതെ കടലിൽ ഇറങ്ങിക്കഴിയും. അതേ സമയംതന്നെ, പാർലിമെന്റിൽ ചിലർ ഒരു ബില്ലിനെ പ്രതികൂലിച്ചെന്നുവരാം. അക്കാര്യങ്ങളും ഇദ്ദേഹത്തിന്റെ അറിവിന്നനുസരിച്ചു തന്നെ നടക്കണം.

അദ്ദേഹത്തിനു വേറൊരു പ്രത്യേകതയുണ്ട്. മൂന്നു മണിക്കു ഉറക്കം ആരംഭിക്കും. അത്യാവശ്യമായ കാര്യങ്ങളില്ലെങ്കിൽ, അഞ്ചുമണിവരെ അദ്ദേഹത്തിനെ ആരും ശല്യപ്പെടുത്തുകയില്ല. അഞ്ചുമണിയാകുമ്പോൾ പതിന്മടങ്ങു ശക്തിയുള്ളവനായിട്ട് അദ്ദേഹം പുറത്തു വരുന്നു.

അപ്പോൾ രാവിലെ എട്ടുമണിക്കു കണ്ട ലോകത്തെയല്ല അദ്ദേഹം കാണുന്നതു്. ഗണ്യമായ പല സംഭവങ്ങളും നടന്നുകഴിഞ്ഞു. അദ്ദേഹത്തിനെ വിവരമറിയിക്കുവാൻ ഒരു രഹസ്യദൂതൻ അവിടെ കാത്തുനില്ക്കുന്നുണ്ടാവാം. പല സംഗതികളെക്കുറിച്ചുള്ള രഹസ്യവാർത്തകൾ വന്നുചേർന്നുകൊണ്ടിരിക്കുന്നു. ഏണസ്റ്റ് ബെവിനു പ്രധാനമന്ത്രിയെ ഉടനടി കാണണം. മി: ബെവിൻ ഏതോ ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. എന്നാൽ മി: ചർച്ചിലിന്റെ "കൊള്ളാം" എന്നുള്ള ശബ്ദം കേൾക്കുവാൻ അദ്ദേഹം കാത്തുനില്ക്കുന്നു.

പ്രധാനമന്ത്രിയുടെ ഒരു പ്രസംഗംകൊണ്ടു ഒരു വിഷമപ്രശ്നം തീരുമെന്നു ഒരു രാജ്യത്തെ സ്ഥാനാപതി അഭിപ്രായപ്പെടുന്നു. വേറൊരുത്തനു മറ്റൊരു സംഗതിയെ പ്രതിഷേധിക്കണമെന്നു അഭിപ്രായമുണ്ട്— മാർഗ്ഗമില്ലാത്തവിധി! സർവ്വകാര്യബഹളം!

അപ്പോഴേയ്ക്കു രാജാവിനെ സന്ദർശിക്കേണ്ട സമയമാകും. ആഴ്ചയിൽ ഒരിക്കൽ രാജാവിനെ സന്ദർശിക്കുന്നതു ഒരു പതിവാണ്. അതിനിടയിൽ ഏ. വി. അലക്സാണ്ടർ ഏതോ ഒരു കാര്യത്തെക്കുറിച്ചു പരാതിപ്പെടും. കഴിയുന്നത്രയും വേഗത്തിൽ ബൽജിയൻ പ്രധാനമന്ത്രിക്കു മി. ചർച്ചിലിനെ ഒന്നു കാണണം. ഗൗരവതരമായ ഒരു കാര്യവുമായി അന്തോണി ഈഡൻ അപ്പോൾ വന്നുചേരുന്നു.

പാവം ചർച്ചിൽ! ഒരു സിനിമകാണുന്നതിനോ, വിനോദത്തിനോ, കളിക്കോ അദ്ദേഹത്തിന് സമയമില്ല; സൗകര്യമില്ല.

അത്താഴസമയത്തു് അദ്ദേഹത്തെപ്പോലെ ഉജ്ജ്വലനായ ഒരതിഥിയെ അത്യാവശ്യമാണ്. തത്വശാസ്ത്രം, തമാശ, തിരിച്ചടി, മർക്കടമുഷ്ടി, ഇങ്ങനെ അത്താഴവേളയിൽ അനന്തമായ ജോലിയുടെ ക്ഷീണം അവസാനിപ്പിക്കും. അദ്ദേഹത്തിന്റെ വിശ്വസ്തതയേറിയ ഭാര്യ ആതിഥേയി എന്ന നിലയിലും സുഹൃത്ത് എന്ന നിലയിലും ഇങ്ങനെയുള്ള അവസരങ്ങളിൽ പെരുമാറും. ഉജ്ജ്വലനായ ഭർത്താവിന്റെ സമീപത്തിൽ എപ്പോഴാണ് അഭിപ്രായത്തിൽ ഐക്യത കാണിക്കേണ്ടതെന്നും, എപ്പോഴാണ് അഭിപ്രായവ്യത്യാസം വെളിവാക്കേണ്ടതെന്നും മിസ്സിസ് ചർച്ചിലിനു നല്ലതു പോലെയറിയാം.

അങ്ങിനെ സന്ധ്യകഴിഞ്ഞു—അർദ്ധരാത്രിയായി. അപ്പോൾ മി. ചർച്ചിൽ വാർത്തകൾ ശ്രദ്ധിച്ചുകൊണ്ടിരിക്കും. ശത്രുക്കളുടെ പ്രചരണസംരംഭങ്ങളെക്കുറിച്ചു പഠിക്കും. പതിവുപോലെയുള്ള ജോലി കഴിഞ്ഞാൽ അദ്ദേഹം ഉറങ്ങാൻ ഭാവമില്ല. സൈന്യാധിപന്മാരും, മന്ത്രിമാരും മറ്റുദ്യോഗസ്ഥന്മാരും മനുഷ്യജീവികളായതുനിമിത്തം അവരെല്ലാം ക്ഷീണരായി ഉറക്കത്തിൽ ലയിച്ചുകഴിഞ്ഞു. അപ്പോൾ ഓരോ മന്ത്രിമാരുടെയും വീട്ടിലെ ടെലിഫോൺമണികൾ "കിണി കിണി," എന്നടിച്ചു തുടങ്ങി. പ്രധാനമന്ത്രി വിളിക്കയാണ്:— "നിങ്ങൾക്കു വലിയ അസൗകര്യമില്ലെങ്കിൽ, നിങ്ങളോട്ട് അല്പം സംസാരിച്ചാൽ കൊള്ളാമെന്നു തോന്നുന്നു." പ്രധാനമന്ത്രിക്കു അസൗകര്യം ഒരിക്കലുമില്ല. മറ്റുള്ളവരും അതനുസരിച്ചു പ്രവർത്തിക്കേണ്ടിവരും.

ക്ഷീണരായി അർദ്ധരാത്രിയിലും മറ്റും വീണ്ടും ആലോചന നടത്തുന്ന സന്ദർഭങ്ങളിലാണ് മഹാശയങ്ങൾ ഉരുവാകുന്നതു്. അങ്ങനെ നിരന്തരമായി സാരമായ വിശ്രമം ഒന്നുംകൂടാതെ, പ്രവർത്തിക്കുന്ന പ്രധാനമന്ത്രിയുടെ നിത്യപരിപാടിയിൽ പാർല്ലമെന്റിലെ 80 മിനിററ് നേരം പ്രസംഗിക്കുവാനുള്ള സമയം കാണുന്നില്ല. പാർല്ലിമെന്റു പ്രസംഗത്തിലെ ഓരോ വാചകവും വളരെ പ്രാധാന്യമുള്ളതായിരിക്കുമല്ലോ.

കൃത്യബാഹുല്യതയാൽ ദൈനംദിനം വലയുന്നജോലിചെയ്യണമെങ്കിൽ രാഷ്ട്രീയ വൈദഗ്ദ്ധ്യം ഒരുവന്റെ രക്തത്തിലും, പ്രതിഭയിലും, ബുദ്ധിയിലും വ്യാപിച്ചിരിക്കണം; ഹൃദയം ഉറപ്പുള്ളതായിരിക്കണം.

ഇതിന്റെയെല്ലാം ഫലമെന്തു്? ദിവസംതോറും വൈകുന്നേരം ശയനസമയമാകുമ്പോൾ കൂടുതൽ സമാധാനപൂരിതമായ ഭൂമിയിലാണ് നമ്മുടെ പാദങ്ങൾ സ്ഥിതിചെയ്യുന്നതെന്നു നമുക്ക് മനസ്സിലാകും.

ചില കണ്ടുപിടുത്തങ്ങൾ

(ലോകാവലോകി)

സൂര്യനെക്കാളും പ്രകാശമുള്ള നക്ഷത്രങ്ങൾ

ജ്യോതിർഗ്ഗോളശാസ്ത്രജ്ഞന്മാർ അടുത്ത കാലത്തായി നക്ഷത്രങ്ങളെപ്പററി പല കണ്ടുപിടുത്തങ്ങളും നടത്തീട്ടുണ്ട്. ഇതിന്റെ ഫലമായി സൂര്യനെക്കാളും എത്രയോ വലുതായ നക്ഷത്രങ്ങളെ അവക്ക് കണ്ടെത്തുവാൻ സാധിച്ചിരിക്കുന്നു. ഇതുവരെ "അൻറാർസ്" എന്ന നക്ഷത്രമാണ് ഏററവും വലുതെന്നു കരുതിപ്പോന്നിരുന്നതു്. എന്നാൽ കഴിഞ്ഞ കുറച്ചു മാസങ്ങളിലെ പരീക്ഷണഫലമായി "അൽഫാ ഹെർക്കുലസ്" എന്ന ഇംഗ്ലീഷിൽ പറയുന്ന നക്ഷത്രത്തിന്നാണ് ഒന്നാംസ്ഥാനം നൽകേണ്ടിവന്നിരിക്കുന്നതു:

വലുപ്പത്തിൽ മാത്രമല്ല, പ്രകാശത്തിലും സൂര്യനെ തോല്പിക്കുന്ന ചില നക്ഷത്രങ്ങളുണ്ട്. ചില താരകങ്ങൾ താരതമ്യേന സൂര്യനേക്കാൾ വലിപ്പം കുറഞ്ഞതാണെങ്കിലും അവയും സൂര്യനേക്കാളും എത്രയോ മടങ്ങു പ്രകാശമുള്ളതായി കാണപ്പെട്ടിരിക്കുന്നു. "സൂവർ-നോകവണി" എന്ന നക്ഷത്രത്തിന്നു സൂര്യന്റെ ആയിരമിരട്ടിയുമല്ല, ലക്ഷമിരട്ടിയുമല്ല, 4 കോടിഇരട്ടി പ്രകാശമുണ്ടത്രെ.

കൊല്ലംതോറും 6 വീതം വാൽ നക്ഷത്രങ്ങൾ

ലോകത്തിന്ന് ആപത്തും വിനാശങ്ങളും ഉണ്ടെങ്കിലും ഇല്ലെങ്കിലും വാൽനക്ഷത്രങ്ങളും ധൂമകേതുക്കളും കൊല്ലംതോറും ജ്യോതിർഗ്ഗോള നിരീക്ഷകന്മാരുടെ കണ്ണിൽ പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ശരാശരി കൊല്ലത്തിൽ 6 എണ്ണം വീതം അവർ കണ്ടുപിടിക്കുന്നുണ്ട്. പക്ഷേ, പ്രായേണ ദൂരദർശിനിയുടെ സഹായംകൂടാതെ കാണാവുന്നതായി ഇതിൽ ഒന്നേ ഉണ്ടായിരിക്കയുള്ളു. കഴിഞ്ഞ ഒരു കൊല്ലമായി അവർ വളരെ വാൽനക്ഷത്രങ്ങളെ കണ്ടുപിടിച്ചിട്ടുണ്ട്. അതിൽ നഗ്നമായ ദൃഷ്ടികൊണ്ടു കാണുവാൻ സാധിച്ച ഒന്ന് കഴിഞ്ഞ 30 കൊല്ലങ്ങൾക്കുള്ളിൽ കണ്ടിട്ടുള്ളവയിൽവെച്ചു ഏററവും ശോഭയേറിയതാണത്രെ.

2000 നാഴിക ദൂരത്തുനിന്ന് വെളിച്ചമളക്കുന്ന യന്ത്രം:

ആകാശത്തിലുള്ള ജ്യോതിർഗ്ഗോളങ്ങളെപ്പററി വിവരങ്ങൾ ഗ്രഹിക്കാൻ ദൂരദർശിനികൾ, ഛായാഗ്രഹണയന്ത്രം മുതലായവയാണ് സാധാരണ ഉപയോഗിക്കാറ്. എന്നാൽ അവയുടെ ചൂടും വെളിച്ചവും അളക്കുവാൻ സാധിക്കുന്ന ഒരു പുതിയ യന്ത്രം ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഇതുകൊണ്ട് ഒരു മെഴുതിരിയുടെ ചൂടും വെളിച്ചവുംപോലും 2000 നാഴിക അകലെനിന്ന് അളക്കുവാൻ സാദ്ധ്യമാണത്രെ.

ഐസ് ദ്രവിപ്പിക്കാൻ കല്ക്കരിപ്പൊടി!

ധ്രുവസ്ഥലങ്ങൾ ഐസ്‌കൊണ്ട് മൂടപ്പെട്ടാണല്ലോ ഇരിക്കുന്നതു്. ചരിത്രാതീതകാലം മുതൽക്കേ ഇപ്രകാരം ഉറച്ചു കിടക്കുന്ന ഐസിനെ ദ്രവിപ്പിച്ച് പ്രസ്തുത സ്ഥലങ്ങളെ ഉപയോഗയോഗ്യമാക്കാമെന്നു ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതു കല്ക്കരിപ്പൊടികൊണ്ടു സാദ്ധ്യമാണത്രെ. ധ്രുവപ്രദേശങ്ങളിൽ കല്ക്കരിനിക്ഷേപങ്ങളുണ്ടെന്നും, അവ കുഴിച്ചെടുത്തു പൊടിയാക്കി ഐസിന്റെ മീതെ പരത്തിയിടേണമെന്നും, അപ്രകാരം ചെയ്താൽ അവ സൂര്യരശ്മിയിലുള്ള ചൂടിനെ വലിച്ചെടുത്തു ഐസിനെ ഉരുക്കുമെന്നും ആണ് ഇവരുടെ അഭിപ്രായം. ഇപ്രകാരം മഞ്ഞിൻകട്ടകളും ഉരുക്കാമത്രെ.

ധ്രുവപ്രദേശത്ത് അതിശൈത്യമില്ലാതിരുന്ന കാലം.

സാധാരണക്കാർക്ക് ജീവിച്ചിരിക്കുവാൻ കൂടി കഴിയാത്ത വിധത്തിലുള്ള തണുപ്പാണല്ലോ ധ്രുവപ്രദേശങ്ങളിൽ ഇപ്പോഴുള്ളതു്. എന്നാൽ ഉത്തരധ്രുവപ്രദേശത്തു ഒരു കാലത്ത് മിതോഷ്ണസ്ഥിതിയിലുള്ള ഒരു കാലാവസ്ഥയായിരുന്നുവെന്നാണ് അമേരിക്കയിലെ കേംബ്രിഡ്ജ് ഒരു ഭൂസ്ഥിതിപരിശോധനവിദഗ്ദ്ധനായ ഡോക്ടർ റാൾഫ് ഡബ്ലിയു. ചാനി അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഇപ്പോൾ കവോഷ്ണമയ കാലാവസ്ഥയുള്ള അമേരിക്കയിലെ ദക്ഷിണരാജ്യങ്ങളിൽ വളരുന്നതുപോലെയുള്ള ചില മരങ്ങളുടെ അവശിഷ്ടങ്ങൾ അദ്ദേഹം ഉത്തരധ്രുവപ്രദേശത്തു കണ്ടെത്തിയിരിക്കുന്നു. അതിശൈത്യപ്രദേശത്തു വളരാത്ത ഇത്തരം മരങ്ങൾ ഒരു കാലത്തു അലാസ്ക, ഗ്രീൻലാണ്ട്, വടക്കൻ സൈബീരിയ എന്നിവിടങ്ങളിൽ സുലഭമായി വളർന്നിരുന്നുവെന്നതിന്നു ലക്ഷ്യങ്ങളുണ്ടെന്നാണ് ഡോക്ടർ ചാനി പ്രസ്താവിക്കുന്നതു്. എന്നാൽ ഇത് 580 ലക്ഷം സംവത്സരങ്ങൾക്കു മുമ്പാണത്രെ!

ഏററവും ഘനംകുറഞ്ഞ ലോഹം

അലൂമിനിയത്തിൻെറ $\frac{2}{3}$ ഭാഗം മാത്രം ഘനമുള്ളതും ഇരുമ്പിൻെറ അത്രതന്നെ കട്ടപ്പമുള്ളതും ആയ ഒരുതരം ലോഹം ഇപ്പോൾ ചില വ്യവസായങ്ങളിൽ ധാരാളമായി ഉപയോഗിച്ചുവരുന്നുണ്ട്. ഇതിൻെറ പേർ "ബെറീലിയം" (beryllium) എന്നാണ്. ഇതു മററു ലോഹങ്ങളെക്കാൾ കൂടുതൽ കാലത്തേക്കു കേടുവരാതെ നിൽക്കുമത്രെ. വിമാനം, ട്രക്ക്, ടാങ്കുകൾ ഇവ നിർമ്മിക്കുന്നതിൽ ഈ ലോഹം മററുലോഹങ്ങളെക്കാൾ കൂടുതൽ ഗുണപ്രദമായിരിക്കുകയാൽ ഇന്നത്തെ യുദ്ധസാമഗ്രിവ്യവസായത്തിൽ അതിനുള്ള സ്ഥാനം അതുല്യമാണ്. സാധാരണയായി ആയുധനിർമ്മാണശാലയിൽ ഒരു ചെറിയ തീപ്പൊരി പുറപ്പെട്ടാൽ മതി നാശകരമായ ഒരു വമ്പിച്ച പൊട്ടിത്തെറിക്കലുണ്ടാവാൻ. ബെറീലിയത്തിൻെറ ഗുണം അതുകൊണ്ടുണ്ടാക്കുന്ന ഉപകരണങ്ങൾ ഉരുക്കുമായി കൂട്ടിമുട്ടിയാൽ തീപ്പൊരി പുറപ്പെടുകയില്ലെന്നതാണ്.

ഈ ലോഹം കണ്ടുപിടിച്ചതു ഒരു ഫ്രഞ്ചുകാരനും, അതിനെ വേർതിരിച്ചെടുത്തതു ഒരു ജർമ്മൻകാരനുമായിരുന്നു. ഇതു ഒരു ശതാബ്ദത്തിനു മുമ്പാണെങ്കിലും അതുകൊണ്ടുള്ള നാനോപയോഗങ്ങൾ കണ്ടുപിടിച്ചതു ഇപ്പോൾ മാത്രമാണ്.

ഇതു ധാരാളമായുള്ളതു യൂറൽപർവ്വതങ്ങൾ, പൂർവ്വറഷ്യ, ബ്രസീൽ (തെ. അമേരിക്ക) ഇവിടങ്ങളിലാണ്.

ഉപയോഗിക്കാതെ മൂർച്ചവരുത്തുന്ന വിദ്യ

ഭൗതികശാസ്ത്രജ്ഞന്മാർ ലോകത്തിലുള്ള സർവ്വവസ്തുക്കളെയും പരമാണുക്കളുടെ സംയോജിതസ്വരൂപമായിട്ടാണ് കാണുന്നതു. ഓരോവിധ പരമാണുക്കൾ ഓരോ തോതിൽ ചേർന്നാണ് ഓരോ സാധനവും ഉണ്ടാവുന്നതു എന്നാണ് ശാസ്ത്രീയമായ അഭിപ്രായം. മനുഷ്യദേഹംതന്നെ ഇപ്രകാരം പരമാണുക്കളുടെ ഒരു ഏകീകൃതാവസ്ഥയാണെന്നാണ് ഈ വീക്ഷണകോണിൽക്കൂടി നോക്കുമ്പോൾ കാണുന്നതു. ഇപ്രകാരമുള്ള വസ്തുക്കൾക്ക് കേടുവരുന്നതു് പ്രസ്തുത പരമാണുക്കൾ പുറമെനിന്നുള്ള സമ്മർദ്ദംനിമിത്തം യഥാസ്ഥാനത്തുനിന്നു നീങ്ങിപ്പോവുന്നതുകൊണ്ടാണ്. നാം സാധാരണയായി ഷെയ്‌വ് ചെയ്യാനുപയോഗിക്കുന്ന ബ്ലെയിഡിന്ന് ഓരോ ഷെയിവ് കഴിയുന്തോറും മൂർച്ച കുറയുന്നതും ഇതുകൊണ്ടാണ്. മൂർച്ച രണ്ടാമതും വരേണമെങ്കിൽ പരമാണുക്കൾ പൂർവ്വസ്ഥാനത്തുതന്നെ യോജിച്ചു നിൽക്കണം. ഇതിന്നു വിശ്രമമാണ് ആവശ്യം. കുറെ നാൾ, അഥവാ വാരങ്ങൾ ആ ബ്ലെയിഡ് ഉപയോഗിക്കാതെ വെക്കുക. അതിന്നു മൂർച്ച രണ്ടാമതും വരും. പക്ഷെ, തുരുമ്പു പിടിക്കാതെ സൂക്ഷിക്കണം.

——:0:——

"CROWN BRAND" Underwears for You!
WHETHER WAR OR NO WAR
We are always at your Service
Insist on CROWN BRAND and CROWN BRAND alone
CHEAP AND DURABLE
BEST BY EVERY TEST
Manufactured by:—
MALABAR & PIONEER HOSIERY, LTD.
CHALAPURAM P. O., CALICUT.
SPORTS SHIRTS ARE OUR SPECIALITIES

സോവിയററ യൂനിയനിലെ പ്രസിദ്ധീകരണ ശാലകൾ

—:0:—

കെ. എ. കൊടുങ്ങല്ലൂർ

സോവിയററ് യൂനിയനിലെ പ്രസിദ്ധീകരണ ശാലകളിൽ ഏററവും പ്രാധാന്യം വഹിക്കുന്നതു് ഓഗിസ് (സ്റ്റേററിലെ പ്രസിദ്ധീകരണാലയങ്ങളുടെ സംഘം) ആകുന്നു. ഏഴ് കേന്ദ്രീകൃത പ്രസിദ്ധീകരണാലയങ്ങളും പതിനാറ് പ്രാദേശിക സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

സോവിയററ യൂനിയനിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ താല്പര്യമുള്ള പുസ്തകങ്ങൾ മാത്രമേ ഓഗിസ് പുറത്തിറക്കുന്നുള്ളു. പ്രത്യേകവിഷയങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന സ്ഥാപനങ്ങൾ വെവ്വേറെ വകുപ്പുകളുടെ കീഴിൽ നടത്തപ്പെടുന്നുണ്ട്. ഉദാഹരണത്തിന്, സ്കൂളുകൾക്കും കോളേജുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന സ്ഥാപനങ്ങൾ വിദ്യാഭ്യാസവകുപ്പിനും വൈദ്യസംബന്ധമായ പുസ്തകങ്ങൾ പുറത്തിറക്കുന്നവ ആരോഗ്യവകുപ്പിനും കീഴിൽ പ്രവർത്തിക്കുന്നു. ലോഹവ്യവസായം സ്വന്തമായി പ്രസിദ്ധീകരണശാല നടത്തുന്നുണ്ട്.

പ്രാദേശിക പ്രസിദ്ധീകരണങ്ങൾ

യു. എസ്. എസ്. ആറിലെ വിഭിന്ന ഘടകങ്ങളിലുള്ള പ്രസിദ്ധീകരണശാലകൾ മാതൃഭാഷകളിൽ സാഹിത്യം പ്രചരിപ്പിച്ചുവരുന്നു. അതതു പ്രദേശത്തെ ജനകീയ മന്ത്രിമണ്ഡലത്തിനു കീഴിലാണവ.

റഷ്യയിലെ ഏററവും വലിയ പുസ്തകമച്ചടി സ്ഥാപനമായ കോഗിസും മേൽപറഞ്ഞ ഓഗിസിന്റെ (സ്റ്റേററ് പബ്ലിഷിംഗ് ഹൗസിന്റെ) നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നതു്. കോഗിസിന്നു് രാജ്യത്തിന്റെ പല ഭാഗങ്ങളിലായി 47 ശാഖകളുണ്ട്. 1300-ൽപരം പുസ്തകഷാപ്പുകളും ഗ്രന്ഥാലയങ്ങളും ഇതിനു കീഴിലായുണ്ട്. സോവിയററ്നാട്ടിൽ ആകെ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളിൽ പകുതിയും ഓഗിസാണ് പുറത്തിറക്കുന്നതു്.

യുദ്ധം തുടങ്ങിയതോടെ പ്രസിദ്ധീകരണശാലകളുടെ പ്രവൃത്തി വർദ്ധിച്ചു. മുന്നണിയിൽ പടവെട്ടുന്ന പട്ടാളക്കാർക്കും, പിന്നണിയിൽ രാജ്യരക്ഷയ്ക്കു ഒരുക്കം കൂട്ടുന്ന നാട്ടുകാർക്കും ആവശ്യമായ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുക അവരുടെ കടമയായിത്തീർന്നു. വിനോദത്തിനും, നേരംപോക്കിനുംവേണ്ടി മാത്രമുള്ള വലിയ പുസ്തകങ്ങൾ, ലഘുലേഖാരൂപത്തിലുള്ള യുദ്ധകാലപ്രസിദ്ധീകരണങ്ങൾക്ക് വഴിമാറിക്കൊടുത്തു. ജർമ്മനാക്രമണത്തിന്റെ പിറേറന്നു രാവിലെത്തന്നെ യുദ്ധകാലപ്രസിദ്ധീകരണങ്ങളുടെ ആദ്യത്തെ മാതൃകകൾ പുറത്തുവന്നു.

അച്ചടിയ്ക്കപ്പെട്ട വാക്കുകളുടെ ആയുധങ്ങൾ പട്ടാളക്കാർക്കും പൊതുജനങ്ങൾക്കും മുടക്കമില്ലാതെ എത്തിച്ചുകൊടുക്കൽ തങ്ങളുടെ യുദ്ധകാലകർത്തവ്യമായി പ്രകാശകന്മാർ കരുതി. 1941 ജൂൺ 22-നും, 1943 ഡിസംബറിന്നുമിടയിൽ 5355 പുസ്തകങ്ങളുടെയും പത്രഗ്രന്ഥങ്ങളുടെയും 20 കോടിയിലധികം പ്രതി അവർ പ്രചരിപ്പിച്ചു. കേന്ദ്രീകൃതപ്രസിദ്ധീകരണമന്ദിരങ്ങളുടെ കണക്ക് നമുക്കൊന്നു പരിശോധിക്കാം.

1. രാഷ്ട്രീയ ഗ്രന്ഥങ്ങളും ലഘുലേഖകളും
   700 എണ്ണം. കോപ്പി 10 കോടി.
2. കാർഷിക പ്രസിദ്ധീകരണങ്ങൾ
   കോപ്പി 26,500,000
3. സാങ്കേതിക—ശാസ്ത്രീയഗ്രന്ഥങ്ങൾ
   86 എണ്ണം. കോപ്പി 2 കോടി.
4. നിഘണ്ടുക്കളും വിജ്ഞാന നിക്ഷേപങ്ങളും
   139 എണ്ണം. കോപ്പി 30 ലക്ഷം.
5. മററു പുസ്തകങ്ങൾ
   376 പുസ്തകം. കോപ്പി 1½ കോടി.

ഓഗസിന് കീഴിലുള്ള പ്രാദേശിക പ്രകാശനമന്ദിരങ്ങൾ 3570 പുസ്തകങ്ങളുടെ 5 കോടി പ്രതി പ്രസിദ്ധപ്പെടുത്തി.

യുദ്ധം സാഹിത്യത്തിന് അനുഗ്രഹം

യുദ്ധകാലത്തു റഷ്യൻ പ്രസിദ്ധീകരണശാലകളുടെ ഉല്പാദനം പതിന്മടങ്ങു വർദ്ധിച്ചു. 670 പുസ്തകങ്ങളുടെ 5 ലക്ഷം കോപ്പിയാണ് 1942ൽ ഓഗിസ് പുറത്തിറക്കിയിരുന്നതു്. 1943ൽ 780 പുസ്തകങ്ങളുടെ 6 കോടി 10 ലക്ഷം കോപ്പിയും.

യുദ്ധസംബന്ധമായ പുസ്തകങ്ങളാണ് ഏററവുമധികം പ്രസിദ്ധപ്പെടുത്തപ്പെട്ടതു്. എന്നാൽ, രാഷ്ട്രം, വ്യവസായം, ശാസ്ത്രം, സാങ്കേതികം,

സംസ്കാരം, കല ഇത്യാദിയെ അധികരിച്ചുള്ള പുസ്തകങ്ങളും കുറച്ചല്ല പുറത്തുവന്നത്. മാർക്സിസത്തെയും ലെനിനിസത്തെയും പുരസ്കരിച്ച ഗ്രന്ഥങ്ങളും, ഫാഷിസ്റ്റ് രാക്ഷസന്മാർക്കെതിരായി ധീരധീരം പടവെട്ടുന്ന ചുകപ്പുപട്ടാളത്തെയും, ജർമ്മൻകാർക്കധീനമായ സ്ഥലങ്ങളിൽ അവർ പ്രവർത്തിച്ച പൈശാചിക കൃത്യങ്ങളെയും, യൂറോപ്പിൽ ഹിററ്ലരുടെയും കൂട്ടാളികളുടെയും ഭരണത്തിനെതിരായി നടക്കുന്ന സമരങ്ങളെയും, റഷ്യാരാജ്യത്തിന്റെ പൌരാണിക മഹത്വത്തെയും വിവരിക്കുന്ന പുസ്തകങ്ങളും ധാരാളം പ്രചരിച്ചു.

1943-ൽ പ്രസ്തുത പ്രസിദ്ധീകരണമന്ദിരം വിസ്മയാവഹങ്ങളായ മോസ്കോ, ലെനിൻഗ്രാഡ്, ഓറൽ ഖാർകോവ് യുദ്ധങ്ങളെയും സെബാസ്റ്റപ്പോളിനെയും സ്റ്റാലിൻഗ്രാഡിലെയും ഐതിഹാസികമായ ചെറുത്തുനില്പിനെയും ഡോൺബാസ് വിമോചനത്തെയും സമർത്ഥമായി ചിത്രീകരിക്കുന്ന ഗ്രന്ഥപരമ്പര പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഒളിപ്പോരാളരെപ്പററിയുള്ള ഒട്ടധികം വിവരണങ്ങളും പുറത്തുവന്നു.

ഡ്മീത്രി ഡോൺസ്കോയ്, പൊംസർസ്കി, അലക്സാണ്ടർ നെവ്സ്കി, സുവോറോവ്, കട്ടൂസോവ്, ബ്രുസിലോവ് തുടങ്ങിയ ചരിത്രപ്രസിദ്ധി നേടിയ റഷ്യൻ സേനാനായകന്മാരുടെ ജീവചരിത്രങ്ങളും ഇക്കാലത്താണ് പ്രസിദ്ധീകൃതങ്ങളായത്. ഇതെല്ലാംകൂടി 2 കോടി കോപ്പിയോളം വരും. ജോസഫ് സ്റ്റാലിനെഴുതിയ 13 പുസ്തകങ്ങളുടെ 4 കോടി പ്രതി ചെലവായി.

1943-ൽത്തന്നെയാണ് സ്റ്റേററ് പൊളിററിക്കൽ ലിററേച്ചർ പബ്ളിഷിങ്ങ് ഹൌസ് യു. എസ്. എസ്. ആറിലെ ആഭ്യന്തരകലാപചരിത്രം എന്നീ അമൂല്യഗ്രന്ഥങ്ങളും, നെപ്പോളിയന്റെ റഷ്യാ ആക്രമണത്തെപ്പററിയുള്ള യൂജെൻ ടാർലേയുടെ രണ്ടു വിശിഷ്ട ചരിത്രഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചത്.

നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

തനി സ്വദേശി മേത്തരം തീപ്പെട്ടികൾ

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ

കേരള മാച്ച് ഫാക്ടറി, പൊന്നാനി, S മലബാർ.

നമ്മുടെ തീരദേശനൗകകൾ

വറുഗീസ് കളത്തിൽ, എം. എ.

ഭാരതഭൂമിയുടെ പശ്ചിമതീരത്ത് ദേശാഭിമാനികളായ കേരളീയർ നാവികസമരതന്ത്രത്തിൽ അദ്വിതീയനൈപുണ്യം പ്രദർശിപ്പിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. പുരാതനകാലത്ത് വിദേശങ്ങളുമായി വാണിജ്യബന്ധമേർപ്പെടുത്തി നമ്മുടെ മാതൃഭൂമിയെ സമ്പത്സമൃദ്ധമാക്കിത്തീർക്കുവാൻ ഉപകരിച്ച പ്രബലഘടകങ്ങളിൽ ഒന്നാണ് നാട്ടുവഞ്ചി സമൂഹം.

ചൈന മുതൽ പേർഷ്യൻ ഉൾക്കടൽവരെ വലിയ തോതിൽ കച്ചവടം നടത്തി വന്ന വ്യാപാര സംഘങ്ങൾക്കെല്ലാം രാജാവിന്റെ നാവികപ്പടയെ വണങ്ങേണ്ടിവന്നിരുന്നു. ചെങ്കുട്ടുവന്റെയും മററു ചേരരാജാക്കന്മാരുടെയും കാലങ്ങളിൽ വിഭവശേഖരണാർത്ഥം യവനവ്യാപാരികൾ വഞ്ചിയിൽ (കൊടുങ്ങല്ലൂരിൽ) വന്ന് കച്ചവടം നടത്തിയിട്ടുണ്ടെന്ന് പഴയ തമിഴ് കാവ്യങ്ങളിൽനിന്ന് അനുമാനിക്കാവുന്നതാണ്.

വിദേശത്തുനിന്ന് വന്നുചേരുന്ന വ്യാപാരസംഘങ്ങൾ അക്കാലങ്ങളിലെ കേരളീയരാജാക്കന്മാരെ ആദരിച്ചിരുന്നുവെന്നുള്ളതുതന്നെ, അന്നത്തെ കേരളീയനാവികശക്തിയെ പ്രത്യക്ഷമാക്കുന്നു. ആ പുരാതനമഹിമയുടെ അവശിഷ്ടങ്ങൾ മാത്രമാണ് ഇന്ന് പശ്ചിമതീരത്തു കാണുന്ന പത്തേമാരികൾ.

പോർച്ചുഗീസുകാർ ഇന്ത്യയിൽ വന്ന് അധികാരം സ്ഥാപിച്ചുതുടങ്ങിയ കാലത്ത്, സാമൂതിരിയുടെയും ചെമ്പകശ്ശേരി രാജാവിന്റെയും നാവികസേനകൾ അതുല്യമാംവിധം ശക്തിയേറിയതായിരുന്നു.

സാമൂതിരിയുടെ നാവികസൈന്യാധിപന്മാർ മിക്കവാറും മുസ്ലിംകളായിരുന്നു. അവർ വിശ്വസ്തതയോടും ധീരതയോടുംകൂടി അവരുടെ രാജാവിനുവേണ്ടി പോരാടിയിട്ടുണ്ട്. വ്യാപാരലോകത്തിൽ പോർച്ചുഗീസുകാരുടെ പ്രവേശം മുസ്ലിമിങ്ങളുടെ താല്പര്യങ്ങൾക്കു ഹാനികരമായിരുന്നതിനാൽ, പല സന്ദർഭങ്ങളിലും ഇവർ തമ്മിൽ അസുഖമുണ്ടായിട്ടുണ്ട്. ചെമ്പകശ്ശേരി രാജാവിന്റെ സൈന്യാധിപന്മാർ പുറക്കാട്ടരയന്മാരായിരുന്നു. പാരമ്പര്യമായി നാവികജോലിയിൽ നൈപുണ്യം സമ്പാദിച്ച ഒരു വംശക്കാരായിരുന്നു ഇവർ. ഇവരുടെ പ്രവർത്തനം ചെമ്പകശ്ശേരിയുടെ പ്രാബല്യത്തെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. സാമൂതിരിയുടെ മുസ്ലിംസൈന്യാധിപന്മാരുടെയും, ചെമ്പകശ്ശേരിയിലെ പുറക്കാട്ടരയന്മാരുടെയും നാവികയുദ്ധതന്ത്രങ്ങൾ, പരിഷ്കൃതോപകരണങ്ങളാൽ സമരം നടത്തിവന്ന പാശ്ചാത്യരെ പലപ്പോഴും അമ്പരപ്പിച്ചിട്ടുണ്ട്. ഈ രണ്ടു നാവികശക്തികളും ഒത്തൊരുമയോടുകൂടി നിരന്തരമായി സമരം നടത്തിയിരുന്നുവെങ്കിൽ, പോർച്ചുഗീസുകാരുടെ പാദങ്ങൾ താല്ക്കാലികമായിട്ടുപോലും കേരളഭൂമിയിൽ ഉറയ്ക്കുകയില്ലായിരുന്നു.

ഇന്ത്യയിൽ വിദേശിയർ ശക്തിപ്രാപിച്ചതോടുകൂടി പശ്ചിമതീരത്തെ നാവികശക്തി വളരെ ക്ഷയിച്ചുപോയി. വമ്പിച്ച കപ്പലുകളുടെ നിർമ്മാണം പാശ്ചാത്യരുടെയിടയിൽ ഒരു സാധാരണ സംഭവമായിത്തീർന്നപ്പോൾ, ഗതാഗതസംബന്ധമായി നാട്ടുവഞ്ചികൾക്കുണ്ടായിരുന്ന പ്രാധാന്യം ക്രമേണ നഷ്ടപ്പെട്ടു.

തീരത്തു ചേർന്നുവരാത്ത വൻതരം കപ്പലുകളിൽനിന്ന് ചരക്കു കരയ്ക്കിറക്കുന്നതിനും, തീരത്തുനിന്നു കപ്പലിലേക്കു ചരക്കു കയററുന്നതിനും മാത്രം പഴയ

ഇന്ന്

എല്ലാവരും സമ്മതിക്കുന്നു, ജാതി മത തൊഴിൽ ഭേദമില്ലാതെ സകലക്കും അത്യാവശ്യമാണ് ഇൻഷുറൻസ് എന്ന്.

അധികവിവരങ്ങൾക്കാവശ്യപ്പെടുക:—

കോച്ചിക്കാർ ബ്രദേർസ്, ലിമിററഡ്,

ദക്ഷിണേന്ത്യക്കുള്ള പ്രധാന ഏജൻറ്മാർ,

ദി ബോംബെ ലൈഫ് അഷൂറൻസ് കമ്പനി, ലിമിററഡ്.,

പുതിയറ, കോഴിക്കോട്.

(ദക്ഷിണേന്ത്യയിൽ മുഴുക്കെ ബ്രാഞ്ചുകളും ഏജൻസികളും ഉണ്ട്.)

രീതിയിലുള്ള തീരദേശനൗകകൾ ഇടക്കാലത്ത് ഉപയോഗിച്ചുവന്നു.

ആലപ്പുഴ, കോഴിക്കോട് മുതലായ സ്ഥലങ്ങളിൽ സാധാരണ കാണാറുള്ള പത്തേമാരികൾ വീതികുറവും ആഴക്കൂടുതലും ഉണ്ട്. മററുള്ള നാട്ടുവഞ്ചികളെക്കാൾ ഇതിന് വേഗതയുണ്ട്.

മലബാർ തീരത്ത് ധാരാളമായി ഉപയോഗിക്കുന്ന മറെറാരുതരം നൗകയാണ് വഞ്ചി (മഞ്ചി). വഞ്ചിക്ക് "കോട്ടിയ" നൗകയോട് വളരെ സാമ്യമുണ്ട്.

"കോട്ടിയ" നൗകയ്ക്കു് മുപ്പതു മുതൽ നാല്പതു അടിവരെ നീളമുണ്ട്. വീതി പത്തുമുതൽ പതിനഞ്ചടിവരെയുണ്ടായിരിക്കും.

ഇവയെക്കൂടാതെ "ബകല" എന്നൊരുതരം അറബിനൗകയുമുണ്ട്. ഇതിന് അമ്പതടി നീളവും ഇരുപതടി വീതിയുമുണ്ട്. കോട്ടിയയും ബകലയും വിദേശയാത്രയ്ക്കു് ഉപയോഗിച്ചു വന്നിരുന്നു. നാല്പതടി നീളവും പതിനഞ്ചടിവീതിയുമുള്ള മറെറാരുതരം നൗകയും പശ്ചിമതീരത്ത് ഉപയോഗിക്കാറുണ്ട്. അതിനെ ബെടല എന്നു പറയുന്നു.

കൊങ്കണദേശത്തും കച്ചിലും, കത്തിയവാറിലും ഉള്ള മുസ്ലീമീങ്ങളും, ഗുജറാത്തികളും, മലബാറിലെ മാപ്പിളമാരും ആണ് ഇത്തരം നൗകകളിലെ ജോലിക്കാർ. കച്ചിലും കത്തിയവാറിലും ഉള്ള നാവികജോലിക്കാർ ആഫ്രിക്കവരെയും ചിലപ്പോൾ യാത്രചെയ്യാറുണ്ട്.

പശ്ചിമതീരത്ത് 1942-ൽ ആകപ്പാടെ 5000 നാട്ടുവഞ്ചികൾ ഉണ്ടായിരുന്നു. അവയിൽ 100 എണ്ണം 1943 മെയ്മാസത്തിലെ കൊടുങ്കാററുനിമിത്തം നഷ്ടപ്പെട്ടു. അപ്പോഴേയ്ക്കു്, ഏകദേശം 200 നാട്ടുവഞ്ചികൾ പുതുതായി നിർമ്മിക്കയുണ്ടായി. എങ്കിലും, സാധനങ്ങൾ കയററിഅയയ്ക്കുന്നതിന് നാട്ടുവഞ്ചികൾ പോരാതെയാണിരിക്കുന്നതു്. ഇപ്പോഴുള്ളവയെ കാര്യക്ഷമമായ രീതിയിൽ ഉപയോഗിക്കുവാനാണ് ഗവൺമെൻറ് നാട്ടുവഞ്ചി ഗതാഗതം നിയന്ത്രണത്തിനധീനമാക്കിയതു്.

ബലക്ഷയവും നിരുന്മേഷതയും അടിച്ചുകററുന്നു.

നിങ്ങൾ വാങ്ങുന്നതു് കോഴിക്കോട്ട്, ഗവമ്മെണ്ടു് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവമ്മെണ്ടു് ബ്രാണ്ടു്) "ഷാർക്ക് ലിവർഓയൽ" തന്നെയല്ലെ എന്ന് സൂക്ഷിക്കുക.

SHARK LIVER OIL

MADRAS GOVERNMENT BRAND MGB

GOVERNMENT OIL FACTORY, CALICUT.

ഏജൻറുമാർ:—മെസ്സേർസ്സ് പാരി & കമ്പനി ലിമിററഡ്, മദിരാശി.

മലയാളഭാഷാബോധനം

(തുടർച്ച)

കെ. കുര്യാക്കോസ്, തോട്ടുങ്കൽ, എം. എ., എൽ. റ്റി.

സംഭാഷണപരിശീലനം

ഒന്നാംക്ലാസ്സുമുതൽ എട്ടാംക്ലാസ്സുവരെ സംഭാഷണപരിശീലനത്തിന് ഏററവും യോജിച്ച ഒരു മാർഗ്ഗമാണ് കഥാകഥനം. കഥാകഥനം സ്വാഭാവികമായിരിക്കണം. ഗൃഹത്തിൽ കഥപറയുമ്പോഴും, സ്നേഹിതന്മാരോടു പറയുമ്പോഴും കഥ തുടങ്ങുന്നതു് ഇടയ്ക്കുവച്ചായിരിക്കും. അത്തരത്തിലുള്ള സ്വാഭാവികത ക്ലാസ്സിൽ നഷ്ടപ്പെടാതെ സൂക്ഷിക്കണം. കഥാകഥനത്തെ സംബന്ധിച്ച് ഇതിനുപരി പ്രത്യേകം വിവരിക്കാനുമുണ്ട്.

സംഭാഷണപരിശീലനത്തിന് ചിത്രങ്ങൾ ധാരാളമായി ഉപയോഗിക്കാം. അദ്ധ്യാപകൻ ചിത്രങ്ങൾ കാണിച്ച് ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിക്കാം. ചിത്രങ്ങളെ അടിസ്ഥാനമാക്കി കഥകൾ ഉണ്ടാക്കി അദ്ധ്യാപകന് ക്ലാസ്സിൽ പറയാം. ക്രമേണ അവരെക്കൊണ്ടുതന്നെ ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണംചെയ്യിക്കാം. മനഃശാസ്ത്രപരമായി നോക്കിയാൽ ചെറുപ്പത്തിൽ കുട്ടികൾക്ക് ചിത്രത്തിലെ വസ്തുക്കൾ എണ്ണിഎണ്ണിപ്പറയാനേ കഴിയൂ. ഇങ്ങനെ പറഞ്ഞുകഴിഞ്ഞു് അവ തമ്മിലുള്ള ബന്ധം വ്യാഖ്യാനിക്കാനുള്ള കഴിവ് ഉണ്ടായിവരണം. അപ്പോൾ ചിത്രം കാണിച്ച് അതു വിവരിക്കാൻ ആവശ്യപ്പെടാം. ചിത്രങ്ങളിൽ സൂചിതമായ കഥയും പറയിക്കാം. എലിമെൻററിസ്ക്കൂളിലെ ഉയന്ന ക്ലാസ്സുകളിൽ ഈ മാതിരി അഭ്യാസങ്ങൾ സാദ്ധ്യമാണ്. 6-ാംക്ലാസ്സുമുതൽ ഈ അഭ്യാസം ഒരു കലയാക്കിക്കൊണ്ടുപോകാം. ചിത്രങ്ങൾ കഥകൾപോലെ വിദ്യാലയത്തിൽ ഒന്നാംക്ലാസ്സു മുതൽ അവസാനത്തെ ക്ലാസ്സുവരെ ഉപയോഗിക്കാം എന്നാൽ ചിത്രങ്ങളുടെ മാതൃക മാറിമാറിവരണമെന്നേയുള്ളു. കൊച്ചുകുട്ടികൾക്കുള്ള ചിത്രങ്ങൾ ലഘുവായതും, തെളിവായതും, മുഴുമുഴുത്തതുമായിരിക്കണം. നാലഞ്ചു ക്ലാസ്സാകുമ്പോൾ കുട്ടികൾക്ക് പരിചയമുള്ളതും അവരെ ആകഷിക്കുന്നതുമായ വസ്തുക്കൾ ചിത്രങ്ങളിൽ കാണണം. ഹയർ എലിമെൻററി ക്ലാസ്സുകളിൽ കുട്ടികളുടെ അതിവിപുലമല്ലാത്ത പരിധിക്കു പുറത്തുള്ള ജീവിതരീതി ചിത്രത്തിൽ കാണിച്ചുതുടങ്ങാം. കഥാസൂചകമായ ചിത്രങ്ങൾ അവക്കു ഇഷ്ടമായിരിക്കും.

5-ാം ക്ലാസ്സിലാകുമ്പോഴേക്കും കുട്ടികളെക്കൊണ്ടു ലഘുപ്രസംഗങ്ങൾ ചെയ്യിക്കാം. കാഡ്വെൽ കുക്കു (Caldwell Cook) എന്ന പണ്ഡിതൻ "ദി പ്ലേ വെ" (The Play Way) എന്ന ഗ്രന്ഥത്തിൽ നിർദ്ദേശിക്കുന്ന "ലിററിൽ മേൻ ലക്ച്ചർസ്" (little man lectures) എന്നുപറയുന്ന ലഘുപ്രസംഗങ്ങൾ ഇവിടെ മാതൃകയായി സ്വീകരിക്കാം. ഇഷ്ടമുള്ള ഒരുവിഷയത്തെക്കുറിച്ചു കുട്ടികൾതന്നെ ലഘുവായ പ്രസംഗങ്ങൾ ക്ലാസ്സിൽ പറയുക എന്നതാണ് ഈ സമ്പ്രദായം. വിദ്യാർത്ഥികളിൽനിന്നു ഒരു അദ്ധ്യക്ഷനേയും തൽക്കാലത്തേയ്ക്കു നിശ്ചയിക്കാം. പ്രസംഗാനന്തരം മററുള്ളവക്ക് ചോദ്യം ചോദിക്കാനും ക്രമമായി വിമശിക്കാനും സന്ദർഭം കൊടുക്കാം. പ്രസംഗകനു വിശദീകരണത്തിന്നായി പടങ്ങൾ, ചാർട്ടുകൾ, ചിത്രങ്ങൾ, മാതൃകകൾ മുതലായവ ഉപയോഗിക്കാം. മററു ചിലക്കു ഗ്രന്ഥങ്ങളിൽനിന്നുള്ള ഉചിതഭാഗങ്ങൾ വായിച്ചു ശേഖരിക്കാൻ പ്രസംഗകനെ സഹായിക്കാം. കളി രീതിയുടെ അംശം നഷ്ടപ്പെടാതെ പ്രത്യേകം സൂക്ഷിക്കണം. അദ്ധ്യാപകൻ തൽക്കാലത്തേക്കു സദസ്സിൻ ഒരംഗമായാൽ മതി. യോഗം നടക്കേണ്ട രീതി അദ്ധ്യാപകനു വ്യവസ്ഥപ്പെടുത്താം. സ്വയംഭരണമാതൃക സ്ക്കൂളിൽ നടപ്പിലുണ്ടെങ്കിൽ കുട്ടികൾ എളുപ്പത്തിൽ ഇതു നടത്തിക്കൊള്ളും.

അദ്ധ്യാപകൻ കഴിയുന്നതും യോഗസമയത്തു അവരുടെ പ്രതിപാദനത്തിൽ പ്രവേശിക്കാതിരിക്കണം. പഠിക്കുന്ന വിഷയത്തോടു ബന്ധമുള്ളതോ, ഭാഷാസംബന്ധമായതോ ആയുള്ള തെററുകൾ പ്രത്യേകം നോട്ടു ചെയ്യണം. പിന്നീട് ഈ തെററുകൾ എപ്പോഴെങ്കിലും ആനുഷംഗികമായി ചിന്താവിഷയമാക്കിത്തിരുത്താം. പ്രസംഗസമയത്തു അദ്ധ്യാപകൻ തെററു കണ്ടുപിടിക്കാനിരിക്കുന്ന ഭാവം അവലംബിക്കരുത്. പാഠ്യ വിഷയസംബന്ധമായ ചോദ്യങ്ങൾ മററുള്ളവരെപ്പോലെ അദ്ധ്യാപകനും ചോദിച്ചു തിരുത്തണം. പ്രതിപാദ്യവിഷയത്തിൻെറ ഗൌരവം അനുസരിച്ചു സമയം ക്ലിപ്തപ്പെടുത്താം. പീരിയേഡു മുഷിഞ്ഞാലും വിദ്യാലയവ്യവസ്ഥിതിക്കു വിപരീതമല്ലെങ്കിൽ പ്രതിപാദനം തുടരാവുന്നതാണ്.

ചിലപ്പോൾ ഗ്രന്ഥനിരൂപണമാവാം പ്രസംഗവിഷയം. ഒരു കുട്ടി വായിച്ച ഒരു പുസ്തകം ആയാൾക്ക് ഏററവും ഹൃദ്യമായിത്തോന്നിയാൽ അതിനെപ്പററി ക്ലാസ്സിൽ പറയാൻ അനുവദിക്കാം. ഗ്രന്ഥനിരൂപണത്തിന് ഒന്നിലധികം പേരോടു തയ്യാറായിവരാൻ ഏപ്പാടു ചെയ്യാം. ഓരോരുത്തർ ഓരോ പുസ്തകം വായിച്ചു തയ്യാറാകുന്നതുകൊള്ളാം. പ്രസംഗിക്കുന്ന ആൾക്ക് ഗ്ര

നമം ഇഷ്ടപ്പെട്ടതു് അഥവാ ഇഷ്ടപ്പെടാത്തതു് എന്തുകൊണ്ടെന്നു പ്രസ്താവിക്കണം. മററുള്ളവർ വായിക്കാൻ ശുപാർശചെയ്യുന്നോ, ഇല്ലയോ എന്നും സകാരണം പറയണം. പുസ്തകത്തിൽനിന്നു് ചിലഭാഗങ്ങൾ ഉദ്ധരിക്കാം. പുസ്തകത്തെ സംബന്ധിച്ചുണ്ടാകുന്ന ചോദ്യങ്ങൾക്കു മറുപടി പറയാൻ വിമർശകൻ തയാറായിരിക്കേണ്ടതാണു്. ഇതുതീരെ താണക്ലാസ്സിൽ സാദ്ധ്യമല്ല. ലഘുവായ രീതിയിൽ 5-ാംക്ലാസ്സുമുതൽ ആരംഭിക്കാം. ആരംഭത്തിൽ ഒരു കുട്ടിയെക്കൊണ്ടു പുസ്തകത്തിലെ ഒന്നോ, രണ്ടോ കഥ പറയിച്ചാലും മതിയാകും.

അഭിനയം സംഭാഷണപരിശീലനത്തിനു് പററിയ മാർഗ്ഗമാണു്. കഥവായിക്കുകയോ, കേൾക്കുകയോ ചെയ്താൽ ഉടനെ പ്രത്യേകമായ ഒരുക്കംകൂടാതെ അഭിനയിക്കാം. ഉടനെ കഥാപാത്രങ്ങളുടെ എണ്ണം നിശ്ചയിച്ചു് കൊടുക്കണം. ഉടനെ നടീനടന്മാർ അവരുടെ ഭാഗം സംഭാഷണവും അഭിനയവും നടത്തണം. എന്നാൽ അദ്ധ്യാപകൻ പറഞ്ഞാൽ ഉടനെ കുട്ടികൾ ഇതു വിജയപ്രദമായി നടത്തുമെന്നു വിചാരിച്ചുകൂടാ. ലഘുവായി ആരംഭിച്ചാൽ താമസിയാതെ അവരെ തൃപ്തികരമായ നിലയിൽ എത്തിക്കാം. ഇപ്രകാരം ശീലിച്ചാൽ നേരത്തെ തയാറായതാണെന്നു് മററുള്ളവർക്കു തോന്നത്തക്കവിധത്തിൽ അത്രവേഗം അവർ അഭിനയിക്കും.

ഇമ്മാതിരി അഭിനയം രണ്ടാംക്ലാസ്സിൽ ഏററവും ലഘുവായ രീതിയിൽ ആരംഭിക്കാം കഥാപാത്രങ്ങൾ ചുരുങ്ങിയതും സംഭാഷണം കുറവുള്ളതുമായ വളരെ ചെറിയകഥകൾ തിരഞ്ഞെടുക്കാം. ഈ ശ്രമം ക്രമമായി തുടന്നാൽ ഹയർഎലിമെൻററി ക്ലാസ്സുകളിലാകുമ്പോൾ അവർ ലഘുപ്രഹസനങ്ങൾ അഭിനയിക്കാൻ പ്രാപ്തിയുള്ളവരാകും. ഒരു കൂട്ടരുടെ അഭിനയം കഴിഞ്ഞു് വേറൊരു കൂട്ടരെക്കൊണ്ടു അഭിനയിപ്പിക്കാം. സംഭാഷണവും അഭിനയവും തൃപ്തികരമാകുന്നതു് വരെ വളരെ അഭിനയം തുടരാം. ഒടുവിൽ അദ്ധ്യാപകനു് യുക്തമെന്നുതോന്നിയാൽ ഇതു് പ്രഹസന രൂപത്തിൽ എഴുതിക്കാം.

ഇങ്ങനെയുള്ള അഭിനയത്തിൽ ഒരു പാത്രം മറെറാരാളെ എന്തെങ്കിലും കമ്മപ്പെടുത്തേണ്ടതായോ മറോവരുന്നതിൽ ക്ലേശിക്കണമെന്നില്ല. ഇതൊരു നാടകാഭിനയമല്ല. അകൃത്രിമവും, സ്വാതന്ത്ര്യവുമായ ആശയപ്രകാശനമാണു് ഇതിൻെറ ലക്ഷ്യം. കുട്ടികൾ സ്വാഭാവികമായിപ്പറയേണ്ടതു പറയുവാൻ സന്ദർഭം കൊടുക്കുകയാണു് ചെയ്യുന്നതു്. അതതു സാഹചര്യങ്ങളിൽ ആവശ്യമുള്ളതുപറഞ്ഞു ശീലിക്കണമെന്നാണു് നമ്മുടെ ഉദ്ദേശം.

പ്രാപ്തിയായ കുട്ടികൾക്കുമാത്രം ഉപയോഗപ്പെടുത്താവുന്ന മറെറാരു മാർഗ്ഗം നിർദ്ദേശിക്കാം. ഒരു സംഘം വിദ്യാർത്ഥികൾ യോഗത്തിൽ ഒരു വിഷയത്തെക്കുറിച്ചു പ്രതിപാദനം നടത്തുന്നു. പ്രസംഗകർ സദസ്യരുടെ മുൻപിൽ അർദ്ധവൃത്താകൃതിയിൽ ഇരിക്കുന്നു. അവരിൽ ഒരാൾ നായകനായിരിക്കണം. ഓരോരുത്തരും അവരവർ തയാറാക്കിയഭാഗം പ്രതിപാദിക്കുന്നു. പ്രസംഗകർ തമ്മിൽത്തമ്മിൽ സംശയം ചോദിക്കാം. ഇടക്കിടെ സ്വാഭിപ്രായങ്ങൾ പ്രകടിപ്പിക്കാം. ഒരാൾ ഒരിക്കലെ പറയാൻ പാടുള്ളു എന്നില്ല. ഒന്നിലധികം വീക്ഷണകോണങ്ങളിൽനിന്നു് പ്രതിപാദിക്കാം. കുറെ സമയംകഴിഞ്ഞു് സദസ്യർക്കു ഇതിൽ പങ്കെടുക്കാൻ അനുവദിക്കുന്നു

ഇതാണു് രണ്ടുഭാഗംചേന്നുള്ള വാദപ്രതിവാദത്തെക്കാൾ ഉത്തമമായ പദ്ധതി. സാധാരണ പ്രതിവാദത്തിൽ അവരവരുടെ ബോദ്ധ്യത്തിനു വിപരീതമായും പറഞ്ഞുപോകുന്നതിനാൽ ആത്മവഞ്ചനക്കിടവരുന്നു.

കുട്ടികളുടെ പൌരുഷവികസനത്തിനു് അതു് യോജിക്കുന്നില്ല. അതിനാൽ വിദ്യാഭ്യാസസംബന്ധമായി വാദപ്രതിവാദത്തിൻെറ പ്രയോജനം അസന്ദിഗ്ദ്ധമല്ല. വാദപ്രതിവാദത്തിൽ ആത്മാർത്ഥത നഷ്ടപ്പെടുന്നു. ഏതായാലും വാദപ്രതിവാദത്തിൽ പ്രതിപക്ഷത്തെക്കു ഗുണമായ കാര്യങ്ങളിൽ മൌനംദീക്ഷിക്കുകയെങ്കിലും ചെയ്യാതിരിക്കയില്ല. യാതൊരു വാദപ്രതിവാദത്തിലും ഒരുപക്ഷം മുഴുവൻ ശരിയായിരിക്കുകയില്ല. അതിനാൽ പ്രതിപക്ഷിയുടെ ഭാഗത്തുള്ള ന്യൂനതകളും വൈകല്യങ്ങളും പൊന്തിച്ചുകാണിക്കുകയാണു് സാധാരണ നടക്കുന്നതു്. തൻമൂലം വിദ്യാഭ്യാസപരമായി സാധാരണ വാദപ്രതിവാദം അത്ര സ്വീകാര്യമായി തോന്നുന്നില്ല. ഇപ്പോൾ നിർദ്ദേശിച്ച ചർച്ചാസമ്പ്രദായത്തിൽ ഓരോരുത്തരും സത്യാന്വേഷികളായിരിക്കും. ഓരോരുത്തരും അവരവരുടെ അറിവും അനുഭവങ്ങളും ഈ അന്വേഷണത്തിൽ വിനിയോഗിക്കുന്നു.

Neo Kerala National Hotel

320 Waltax Road, P. T. Madras.

സെണ്ട്റൽ സ്റ്റേഷനടുത്ത് എലക്ട്രിക്ക് ഫിററിങ്ങ്സോടുകൂടിയ ഒന്നാന്തരം മലയാളിഹോട്ടൽ. മിതമായ ചാർജ്ജ്. നിങ്ങളുടെ മദിരാശി യാത്രയിൽ ഞങ്ങളെ ഒന്നു സന്ദർശിക്കുക.

ആപൽക്കരമായ യാത്രയ്ക്കു ഒരുങ്ങരുതു്

ഈ മുന്നറിയിപ്പ് അവഗണിച്ചാൽ ഒരു പക്ഷെ നിങ്ങൾക്കു മരണംകൂടി സംഭവിച്ചേക്കാം.

ഇപ്പോൾ വണ്ടിയിൽ വളരെയധികം തിരക്കാണ്, അതിനാൽ മുറിക്കകത്തു കടന്നുകിട്ടാൻ തന്നെ സാധിക്കയില്ല. പക്ഷെ അതുകൊണ്ട് വണ്ടിയുടെ പുറത്ത് ചവിട്ടുപലകയിൽനിന്നുകൊണ്ടു യാത്രചെയ്യരുത്, അതു നിയമവിരോധമാണെന്നു മാത്രമല്ല അതുനിമിത്തം സാരമായ പരുക്കോ മരണമോ ഏല്പെട്ടാം.

തുരങ്കങ്ങളുടെ ചുവരുകൾ, കൈകാട്ടി മരങ്ങൾ ഇവകൾക്കും വണ്ടിയ്ക്കും ഇടയ്ക്കു വളരെ കുറച്ചു സ്ഥലമെയുള്ളു. വണ്ടി വേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുമ്പോൾ ഇതിലേതെങ്കിലുമൊന്നിൽ നിങ്ങളുടെ ദേഹം തട്ടിയാൽ കഴിഞ്ഞു. അതു നിങ്ങളുടെ ഒട്ടവിലത്തെ യാത്രതന്നെ.

ബുദ്ധിപൂർവ്വം പ്രവർത്തിക്കുവിൻ. വണ്ടിയിൽ സ്ഥലമില്ലെങ്കിൽ സ്റ്റേഷനിൽതന്നെ നില്ക്കുന്നതാണ് നല്ലതു്. അപകടം പ്രവർത്തിക്കാതിരിക്കുവിൻ. നിങ്ങൾക്കു യാത്രചെയ്യാൻ സാധിച്ചില്ലെന്നുവന്നാലും റയിൽവെക്കാർക്കു രാജ്യം മുഴുവൻ ഭക്ഷണവും വസ്ത്രവും വിറകും എത്തിച്ചു കൊടുക്കുകയാണ് മുഖ്യജോലിയെന്ന് ഓർത്തുവെക്കുവിൻ.

യാത്ര കുറയ്ക്കുക

എന്തായാലും ആപൽക്കരമായ യാത്ര വേണ്ടതന്നെ.

AAA 683 ML

ഇന്ത്യയിലെ സ്രാവെണ്ണ വ്യവസായം*

സി. ആർ. കുഞ്ഞുണ്ണി

സ്രാവിൻ കരളിൽനിന്നു എണ്ണയെടുക്കൽ ഒരുകാലത്ത് ഇന്ത്യയിലെ ഒരു പ്രധാന വ്യവസായമായി തീരുവാനിടയുണ്ട്. സ്നാനഘട്ടങ്ങളിലെ ഭയങ്കര സാധനമായി കരുതപ്പെടുന്ന ഈ സ്രാവിൽ നിന്നെടുക്കുന്ന എണ്ണയിൽ വിററമിൻ എ (ജീവകം) ധാരാളമുണ്ട്. സാധാരണ മീനെണ്ണ എന്ന പേരിൽ അറിയപ്പെടുന്ന കോഡ് ലിവർ ഓയലിനെക്കാൾ ഇരട്ടി പോഷകാംശമടങ്ങിയ സ്രാവെണ്ണയുടെ ഉപയോഗം നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരികയാണ്. പ്രത്യേകിച്ചും ഇന്നത്തെ ഈ യുദ്ധപരിതഃസ്ഥിതിയിൽ ഈ വ്യവസായത്തിന് വമ്പിച്ച സാദ്ധ്യതകളുണ്ട്. നോർവേയിൽനിന്നും മററും വന്നിരുന്ന കോഡ് ലിവർ ഓയിൽ ഇന്നു ലഭിക്കുവാൻ വിഷമമാണ്; അഥവാ ലഭിക്കുന്നതാണെങ്കിൽ വലിയ വിലയും കൊടുക്കണം. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ കോഡ് ലിവർ ഓയലിനു തുല്യമോ ഒരു പക്ഷേ ഗുണത്തിൽ അതിലും കവിഞ്ഞതുമായ സ്രാവെണ്ണയുടെ നിർമ്മാണം കൂടുതൽ ഫലപ്രദവും ആരോഗ്യവുമായ നിലയിൽ ഉയരേണ്ടിയിരിക്കുന്നു.

ഉപയോഗം

സ്രാവെണ്ണ പലേ കാര്യങ്ങൾക്കും ഉപയോഗിക്കപ്പെടുന്നുണ്ട്. സ്രാവിന്റെ കരളിൽനിന്നെടുക്കുന്ന എണ്ണ കോഡ് ലിവർ ഓയലിന്റെ സ്ഥാനത്ത് ഉപയോഗിക്കാവുന്നതാണ്. തുകൽ ശുദ്ധിയാക്കുന്നതിനും ടാർപായ മുതലായ മെഴുക്കുശീലകൾ ഉണ്ടാക്കുന്നതിനും സ്രാവെണ്ണ ഉപയോഗിക്കാറുണ്ട്. താഴ്ന്നതരം സോപ്പുകൾ ഉണ്ടാക്കുവാനും ഉരുക്ക് നിർമ്മാണത്തിനും ഇതുപയോഗിക്കപ്പെടുന്നു. ബട്ടറിനുപകരം ഈ എണ്ണ ഉപയോഗിക്കാമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഈ എണ്ണകൊണ്ട് കൂടുതൽ ഉപകാരപ്രദമായ കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുമോ എന്ന കാര്യം ഗവേഷണംകൊണ്ട് ഇനിയും അറിയേണ്ടിയിരിക്കുന്നു.

സമ്പ്രദായം

സ്രാവ് ഒരു മത്സ്യമായിട്ടാണ് കരുതപ്പെടുന്നത്. എന്നാൽ ഇത് മത്സ്യമല്ലത്രെ! ഇതിനു മത്സ്യങ്ങളെപ്പോലെ എല്ലുകളോ മുള്ളുകളോ ഇല്ല. പകരം കാഠിന്യമില്ലാത്ത ഒരുതരം എല്ലുകളാണ് അതിനുള്ളത്. സ്രാവിന്റെ മാംസം ഭുജിക്കുവാൻ നല്ലതാണ്. ഈ സ്രാവുകൾ പലേ തരത്തിലും പലേ വലുപ്പത്തിലുമുണ്ട്. ഒരു വലിയ സ്രാവിനു 800 റാത്തൽ തൂക്കമുണ്ടായിരിക്കുമത്രെ. ഇത്തരം ഒരു സ്രാവിന്റെ കരൾ 200 റാത്തൽ ഉണ്ടായിരിക്കും. സ്രാവ് കിട്ടിയതെല്ലാം ഭുജിക്കും. കടൽപാമ്പുകൾ, ചെറുമത്സ്യങ്ങൾ, മുതലായവയാണ് ഇവന്റെ ആഹാരം. കരക്കുനിന്നു ആട്ടിനെയോ നായയെയോ മനുഷ്യനെയോ ലഭിച്ചാൽ ഇവർ തൃപ്തിയോടുകൂടി ഭുജിച്ചുകൊള്ളും.

സ്രാവിനെ പിടിക്കൽ

സ്രാവിനെ ചൂണ്ടലിട്ടു പിടിക്കുകയെന്നത് ധീരവും അപകടകരവുമായ ഒരു വേലയാണ്. മദിരാശി കടൽത്തീരങ്ങളിലുള്ള മീൻപിടുത്തക്കാർ സ്രാവിനെ പിടിക്കുവാൻ മിടുക്കന്മാരാണ്. ഇവരുടെ ജീവിതം മിക്കവാറും കടലിലാണ്. ഇതിനുള്ള ഏർപ്പാടുകൾ ഏററവും പ്രാചീനസമ്പ്രദായത്തിലുള്ളതാണെങ്കിലും ആപത്തിനെ അകററുന്നതിനു ഏററവും പര്യാപ്തമായിട്ടുള്ളതാണ്. മരത്തടികൾ കയറുകൊണ്ടു കെട്ടി ഒരു ചങ്ങാടമുണ്ടാക്കിട്ടാണ് ഇവർ സ്രാവിനെ പിടിക്കാൻ പോകുന്നത്. ഈ ചങ്ങാടങ്ങളിന്മേൽ തിരകൾ നിരന്തരം അടിച്ചുകൊണ്ടിരുന്നാലും അവക്ക് കുലുക്കമൊന്നുമില്ല. മനുഷ്യനെ ഭക്ഷിക്കുന്നതും കടലിലെ പുലിയെന്നറിയപ്പെടുന്നതുമായ സ്രാവിനെ പിടിക്കാൻ ഇത്തരം ചങ്ങാടങ്ങളാണ് മദിരാശി കടൽത്തീരങ്ങളിലുള്ളവർ ഉപയോഗിക്കുന്നത്.

നേരംപുലരുന്നതോടുകൂടി ഈ മീൻപിടുത്തക്കാർ ചൂണ്ടലുകളും ആഹാരവും കൊണ്ട് ചങ്ങാടങ്ങളിൽ പുറപ്പെടുന്നു. കരയിൽനിന്നു ഏകദേശം അഞ്ചും പത്തും നാഴിക ദൂരെപോയിട്ടാണ് അവർ ചൂണ്ടലിടുന്നത്. ചൂണ്ടലിന്റെ "പൊങ്ങി"യായി മണ്ണെണ്ണ ടിൻ ഉൾപ്പെടെ പലതും ഉപയോഗിക്കാറുണ്ട്. ചൂണ്ടലിന്മേൽ ഇരയായി മാംസക്കഷണമാണ് കുത്തുന്നത്. ഇങ്ങനെ ഒരേ സമയത്തു എട്ടും പത്തും ചൂണ്ടകളിട്ടുകൊണ്ടു മീൻപിടുത്തക്കാർ മടങ്ങുന്നു. പിറേറ ദിവസം അവർ ചൂണ്ടയിട്ട പ്രദേശത്തേക്ക് മടങ്ങിച്ചെല്ലുന്നു.

കണ്ണിയിൽപെട്ട സ്രാവുകൾ ഒരു സമരം തന്നെ നടത്തും. ചില സ്രാവുകൾ അപ്പോൾ രക്ഷപ്പെട്ടുവെന്നുവരാം. മടങ്ങിച്ചെല്ലുന്ന മീൻപിടുത്തക്കാർക്കു ചിലപ്പോ

---

* ഇംഗ്ലീഷിൽനിന്ന്

ൾ തങ്ങളിട്ട ചൂണ്ടയിൽ മുഴുവനും സ്രാവുകൾ പെട്ടതായിക്കാണാം. ചാവാത്ത സ്രാവുകളെ കരക്ക് കൊണ്ടുവരുവാൻ ബഹുവിഷമമാണ്. വാലുകൊണ്ടു ഒരടികിട്ടിയാൽ മനുഷ്യന്റെ കഥകഴിയും.

കരക്കു കൊണ്ടുവന്ന ഉടനെ അവയെ വെട്ടിപ്പൊളിച്ചു കരളെടുക്കുന്നു. ഈ കരൾ കഴിയുന്നത്ര വേഗത്തിൽ എണ്ണ നിർമ്മാണ കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

എണ്ണനിർമ്മാണം

സ്രാവിൻ കരളുകളെ വലിയ ചെമ്പുപാത്രങ്ങളിൽ ഇട്ടു ആവികൊണ്ടു വേവിക്കുന്നു. അപ്പോൾ മുകളിൽ പൊന്തുന്ന എണ്ണ കോരിയെടുക്കുന്നു. കരളുകളുടെ ഗുണത്തെ ആശ്രയിച്ചിരിക്കും എണ്ണയുടെ നിറവും ഗുണവും. എണ്ണകൾ സാധാരണ ഇളം മഞ്ഞനിറമുള്ളതാണ്. ചിലപ്പോൾ കറുപ്പു വർണ്ണമാകുവാനും ഇടയുണ്ട്.

വ്യവസായത്തിന്റെ ഭാവി

സ്രാവെണ്ണവ്യവസായത്തിന്നു നല്ല ഒരു ഭാവിയുണ്ട്. തെക്കെ ഇന്ത്യയിൽ മദിരാശി കടൽതീരങ്ങൾ, മലബാർ, തിരുവിതാംകൂർ, എന്നിവിടങ്ങളിൽ സ്രാവെണ്ണവ്യവസായം നടക്കുന്നുണ്ട്. ജനങ്ങളുടെ ആരോഗ്യം നന്നാക്കുവാൻ വളരെയധികം പ്രയോജകീഭവിക്കുന്ന പ്രസ്തുത എണ്ണക്ക് ഇന്ത്യയിലും പുറമെയും നല്ല ചിലവുണ്ടാകുന്നതാണ്. ഈ വ്യവസായത്തെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിന്നു പാശ്ചാത്യമായ പുതിയ മാർഗ്ഗങ്ങൾ കാണേണ്ടിയിരിക്കുന്നു. സ്രാവുകളെ ശാസ്ത്രീയമായ വിധത്തിൽ പിടിക്കുവാനും എണ്ണ കൂടുതൽ നന്നായി എടുക്കുവാനും നിർമ്മാണം വിപുലമായ തോതിൽ നടത്തുവാനും ഗവർമ്മെണ്ടു പരിശ്രമിക്കുമെങ്കിൽ ഈ വ്യവസായത്തിന്നു യുദ്ധാനന്തരം ഒരു നല്ല ഭാവി തന്നെയുണ്ട്. മലബാറിലുള്ള ഈ വ്യവസായം ഇനിയും അഭിവൃദ്ധിപ്പെടുത്താം. മദിരാശി ഗവർമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട്ട് തുടങ്ങീട്ടുള്ള പ്രസ്തുത വ്യവസായത്തിന്ന് വിചാരിച്ചതിലധികം വിജയമുണ്ടായിട്ടുണ്ട്. വ്യാവസായിക പുരോഗതിക്ക് മദിരാശി ഗവർമ്മെണ്ടും തിരുവിതാംകൂർ ഗവർമ്മെണ്ടും ചെയ്യുന്ന ഈദൃശപരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. സ്രാവെണ്ണ നിർമ്മാണം തെക്കെ ഇന്ത്യയിലെ ഒരു പ്രധാന വ്യവസായമായിത്തീരുന്നതിനുള്ള സാദ്ധ്യതകൾ വളരെയത്രെ.

:0:

New
Taj Mahal Hotel
CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാർക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകര്യപ്രദം.

ടീപാർട്ടികളും ഏറെറടുത്ത് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദർശനത്തെയും പരീക്ഷണത്തേയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ട പട്ടുതെരുവിൽ സ്പെൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിന്റെ ഉടമസ്ഥനാൽ നടത്തപ്പെടുന്നത്.

ജാനുവിന്റെ സ്നാനം

(ഓമനക്കുട്ടൻ രീതി)

ടി. പി. മാത്യു, ബി. ഏ., ബി. എഡ്.

അന്നുഷഃകാലത്തമ്മയോടൊത്തു
വന്നു ജാനുവും നീരാടാൻ;
പച്ചപ്പുല്ലണികുന്നിൻ സാനുവി—
ലച്ഛസാന്ദ്രമാം വാപിയിൽ.
മുട്ടിനാഴത്തിൽ നിർത്തിയിട്ടമ്മ
കുട്ടിയോടേവമോതിനാൾ:—
“പോരരുതങ്ങിങ്ങ് ‘നാമു’ വാരി
കോരി നീരാടിക്കൊണ്ടാലും.
അമ്മ തെല്ലൊന്നു നീന്തിക്കുളിച്ചി—
‘ട്ടമ്മു’വേ വന്നു തോർത്തിടാം.”

പൂർവ്വ ദിങ്മുഖം നോക്കിത്തുള്ളുന്ന
ജാനുവിൻ കൺകളാർദ്രമായ്,
അപ്പിഞ്ചു നിർമ്മലാത്മാവോ ദിവ്യ—
ദീപ്രമായ് ഗാന ലോലമായ്:—
“പ്രാചീനേ പത്യം തന്നിൽനിന്നെത്തി
നോക്കുന്നു ബാലഭാസ്കരൻ
അല്ലങ്ങുദീമഹേമനാണ്യമോ—
നല്ലിനുലയിലൂതുന്നു.
തെററിപ്പോയ് പൂരമാണങ്ങാനകൾ
നെററിപ്പട്ടമായ് നില്ക്കുന്നു.
‘ഏടത്തി’ തന്റെ പട്ടുടയാട—
യ്ക്കാട്ടലേറുന്ന പാടമേ!
പൊന്നൊളിയാർന്ന കൊച്ചരുവികൾ
പൊങ്കസവിട്ടു കൊള്ളുമ്പോൾ,
സ്വച്ഛമാം പുലർ പൂന്തെന്നൽനിന്നിൽ
കൊച്ചലച്ചാർത്തു ചേർക്കുമ്പോൾ,
‘കല്യാണപ്പെണ്ണി’ൻ നീരാളപ്പട്ടി—
നല്ലലേററിയതില്ലേ നീ?
ഇക്കല്ലോലോത്സവം കാണുവാൻ കൈര—
വാക്ഷി ഞാനൊരിക്കലും,
ഇപ്പൊഴേ മാച്ച കാഞ്ചനാക്ഷരം
മേല്പോട്ടുനോക്കി വായിച്ചോ?”

പെട്ടെന്നു പാട്ടു നിർത്തിയാക്കുട്ടി
ദൃഷ്ടിയോടിച്ചിതാമ്പലിൽ.
നിർമ്മലമാകു മമ്മലർക്കുള്ളിൽ
കന്മഷം ചേർക്കാനെന്നപോൽ,
വന്നാണഞ്ഞൊരു വണ്ടിനെത്തട്ടാൻ
മുന്നോട്ടു പാഞ്ഞിതത്തയ്യൽ.

* * *

ക്രൂരിരുളാഞ്ഞു കേറിയക്കണ്ണാൽ
മാതാവു കണ്ടു ബുൽബുദം.

* * *

കാലമൊട്ടേറെ ചെന്നതിൽശേഷം
കാലിമേയ്ക്കുന്ന ബാലന്മാർ,
വാപിതൻ തീരത്തെത്തി മേനിയിൽ
വേപമാർന്നേവമോതിപോൽ:—
“ജാനു നിന്നതായ് നമ്മൾക്കമ്മമാർ
കാണിച്ച ദിക്കിലങ്ങതാ,
വിസ്തൃതാകാര മാർന്നൊരാമ്പൽപ്പൂ
വാടാതെ നില്പുണ്ടാടാതെ.
നമ്മൾ പൊട്ടിപ്പാൻ ചെന്നാലപ്പുഷ്പം
നീങ്ങുമെന്നമ്മ ചൊല്ലുന്നു.
ഏകയായെങ്ങോനിന്നൊരുവൃദ്ധ—
യോഗിനി ശോക മൂകയായ്
ഇമ്മലരെന്നും സന്ധ്യയ്ക്കു വന്നു
ചുംബിച്ചു പോകാറുണ്ടു പോൽ”.

ബന്ധുവോ ശത്രുവോ?



ചെലവു് ചുരുക്കി പണം സൂക്ഷിക്കുകയാണു് ഇന്ത്യയുടെ ഭാവിനന്മക്കു് പററിയ നയമെന്നു് ഇന്നനുഭവപ്പെടുന്നപോലെ മറെറാരുകാലത്തും അനുഭവപ്പെട്ടിട്ടില്ല. യുദ്ധം തുടങ്ങിയതിനുശേഷം ഇന്ത്യയിൽ ആവശ്യത്തിലധികം നാണയം നടപ്പുണ്ടു്. ചെലവു ചെയ്യാതെ സൂക്ഷിപ്പുനയം ആചരിക്കുന്നാപക്ഷം ആവശ്യത്തിലധികം നടപ്പുള്ള പണം നിങ്ങൾക്കും നാട്ടിനും ഒരനുഗ്രഹമായിത്തീരും. കരുതലില്ലാതെ ചെലവു ചെയ്യുന്നുവെങ്കിൽ ഇതൊരു മഹാ ശത്രുവായ "ഇൻഫ്ലേഷ"നായും കലാശിക്കും.

യുദ്ധകാലമായതിനാൽ ഇന്ത്യയിൽ ജനങ്ങൾക്കു് വേണ്ടത്ര സാമാനങ്ങളില്ല. അതിനാൽ അവയ്ക്കുള്ളാവശ്യം ചുരുക്കാഞ്ഞാൽ അവയുടെ വില താഴുന്നതല്ല. സാമാനങ്ങളുടെ വിലകയററം നിയമങ്ങളെക്കൊണ്ടു് തടഞ്ഞിട്ടുണ്ടു്; എന്നാലും ഇൻഫ്ളേഷൻ ബാധയെ പരിഹരിക്കുവാൻ നിങ്ങളുടെ സർവ്വസഹായവും ആവശ്യമാണു്.

ബുദ്ധിപൂർവ്വം നിങ്ങളുടെ സൂക്ഷിപ്പു പണത്തെ നിക്ഷേപിക്കുക. ആഭരണങ്ങൾ ഭൂമി വീടു് സംസ്കരിച്ച സാമാനങ്ങൾ മുതലായവയിൽ യാതൊന്നും നിക്ഷേപിക്കേണ്ട. ഇന്നു് ഏററവും ഫലപ്രദവും സുരക്ഷിതവുമായ സൂക്ഷിപ്പുകൾ ഇൻഷ്യൂറൻസ്, കോപ്പറേറ്റീവു് സൊസൈററികൾ സേവിംഗ്സ് ബാങ്ക്, പോസ്റ്റാപ്പീസ് സേവിങ്ങ്ബാങ്ക് മുതലായവയാണു്. ഇതിലെല്ലാററിലും നല്ലതു് ഗവണ്മെണ്ടു് എടുപ്പിക്കുന്ന കടങ്ങളിലും നാഷനൽ സേവിങ്ങ് സർട്ടിഫിക്കേററുകളിലുമാകുന്നു.

ഒരു ഷാപ്പിൽ സാമാനങ്ങൾ വാങ്ങുവാൻ പോകുന്നവസരങ്ങളിലെല്ലാം നിങ്ങൾ ഒന്നാലോചിച്ചാൽ മതി: "ഈ സാമാനം ഇപ്പോൾ എനിക്കു് യഥാർത്ഥത്തിൽ ആവശ്യമുണ്ടോ?" ഇന്നു് [illegible] വാങ്ങുന്നതുകൊണ്ടു് സാമാനങ്ങളുടെ വില കയറുവാൻ നിങ്ങൾ സമ്മതിക്കുന്നില്ല; പണത്തിന്റെ വില കയററുകയും ചെയ്യുന്നു. മാത്രമല്ല, പണം സൂക്ഷിക്കുകയും ചെയ്യുന്നു.

നിങ്ങളാൽ കഴിയുന്നതെല്ലാം സൂക്ഷിക്കുവിൻ

സൂക്ഷിക്കുന്നതെല്ലാം ന്യായമായി നിക്ഷേപിക്കുവിൻ

ദേശീയസമരനിര ചെയ്യുന്ന ഒരു ദേശീയാഭ്യർത്ഥന

AAA-1111-ML

ഇന്ത്യയുടെ സ്റ്റെർലിങ്ങ് മിച്ചം

ബി. സി. വർഗ്ഗീസ്, എം. എ.

യുദ്ധത്തിനു മുമ്പു ഒരു വലിയ സംഖ്യ ഇന്ത്യക്കു വിദേശരാജ്യങ്ങളിൽ കടമുണ്ടായിരുന്നു. ഇതിൽ അധികവും ഇംഗ്ലണ്ടിലെ പണവ്യാപാരികൾക്കായിരുന്നുതാനും. എന്നാൽ ഇന്നു ആ സ്ഥിതി ആകെ മാറിമറിഞ്ഞിരിക്കയാണ്. കടം മുഴുവനും ഇന്ത്യ വീട്ടിക്കഴിഞ്ഞുവെന്നു മാത്രമല്ല, ലണ്ടനിൽ ഇന്ത്യക്കു ആയിരംകോടിയുറുപ്പിക മിച്ചം സമ്പാദിക്കുവാൻ അവർക്കു സാധിച്ചിട്ടുമുണ്ട്. യുദ്ധമാണ് ഇതിനുള്ള കാരണം.

യുദ്ധമാരംഭിച്ചതോടുകൂടി ഇന്ത്യയിൽ ഉണ്ടാക്കിവരുന്ന പല വിഭവങ്ങളും ബ്രിട്ടനു ആവശ്യമായിവന്നു. ഇന്ത്യയിൽനിന്നു വളരെയധികം സാധനസാമഗ്രികൾ ബ്രിട്ടൻ കയററുമതി ചെയ്യുന്നതിനുപുറമെ, ഇന്ത്യയിൽ പാളയമടിച്ചിരിക്കുന്നതും ഇന്ത്യയുടെ സംരക്ഷണത്തിനു വേണ്ടതിൽ കവിഞ്ഞുള്ളതുമായ ബ്രിട്ടീഷുഭടന്മാരുടെയും, അമേരിക്കക്കാരുടെയും ആവശ്യത്തിനു ഒട്ടേറെ വിഭവങ്ങൾ ബ്രിട്ടീഷുഗവമ്മേണ്ടു ഇവിടെനിന്നും വാങ്ങിക്കൊണ്ടിരുന്നു. ഇവയുടെ വില കൊടുക്കുവാനുള്ള ബാദ്ധ്യത ബ്രിട്ടീഷ് ഖജനാവിനുള്ളതാണ്.

എന്നാൽ ബ്രിട്ടൻ എങ്ങിനെയാണ് ഇന്ത്യയോടുള്ള ബാദ്ധ്യത തല്ക്കാലം നിർവ്വഹിച്ചതു്? ഇന്ത്യക്കാരുടെ നാണ്യം ഉറപ്പികയാണ്. നമുക്കാവശ്യം ഉറപ്പികയാണ്. പക്ഷെ ബ്രിട്ടനു ഉറപ്പികയില്ല. സാധാരണ സമയങ്ങളിൽ ഒരു രാജ്യം വേറൊരു രാജ്യത്തോടുള്ള കടബാദ്ധ്യത തീക്കുവാൻ ഉപയോഗിക്കുന്ന ഉപാധികൾ രണ്ടെണ്ണമത്രെ. ഒന്നുകിൽ കടസംഖ്യയുടെ വിലവരുന്ന സാമാനങ്ങൾ അയച്ചുകൊടുത്തു അതിന്റെ വില കടത്തിലേക്കു വകയിരുത്തുക. അല്ലെങ്കിൽ കടസംഖ്യയുടെവിലയ്ക്കു സ്വർണ്ണമയച്ചുകൊടുക്കുക. ഈ രണ്ടുപാധിയും ഇന്നത്തെ പരിതസ്ഥിതിയിൽ ബ്രിട്ടന്റെ കഴിവുകൾക്കതീതമാണ്, ബ്രിട്ടനു സ്വർണ്ണമില്ല; ഇന്ത്യയിലേക്കയക്കുവാൻ സ്വന്തമാവശ്യങ്ങൾ കഴിച്ചുബാക്കി സാധനസാമഗ്രികളുമില്ല. അഥവാ ഉണ്ടെങ്കിൽതന്നെ ഗതാഗതസൌകര്യങ്ങളുമില്ല. ഈ നിലയ്ക്കു ബ്രിട്ടനു ഇന്ത്യയോടു കടംപറയുകയെ നിർവ്വാഹമുള്ളു.

എന്നാൽ ഇന്ത്യക്കാർക്കു ബ്രിട്ടന്റെ ഈ സമാധാനംകൊണ്ടു തൃപ്തിയാവുന്നില്ല. ഇന്ത്യയിലെ കച്ചവടക്കാർക്കു തങ്ങൾ വിററ സാധനങ്ങളുടെ വിലകിട്ടേണം. അതു കിട്ടിയിട്ടുവേണം അവർക്കു തങ്ങളുടെ മൂലധനം പുതുക്കുവാനും, വർദ്ധിപ്പിക്കുവാനും. അതുകൊണ്ടു ബ്രിട്ടൻവാങ്ങിയ സാധനങ്ങളുടെ വില ഉടനെതന്നെ കിട്ടേണമെന്നു അവർ ആവശ്യപ്പെടുന്നു. യുദ്ധാവശ്യത്തിലേക്കു വാങ്ങിയിട്ടുള്ള വിഭവങ്ങൾ ഗവമ്മേണ്ടു മുഖാന്തിരമാകയാൽ ഇന്ത്യാഗവമ്മേണ്ടിനു ഇതിൽ ഒരു പ്രത്യേക ചുമതലയുള്ളതായി വന്നുകൂടി. ഇന്ത്യൻ കച്ചവടക്കാരുടെയാവശ്യം തൃപ്തിപ്പെടുത്തുവാൻ ഇന്ത്യാഗവമ്മേണ്ടു ഒരു സൂത്രം പ്രയോഗിച്ചു.

ഈ സൂത്രത്തിന്റെ ശരിയായ സ്വഭാവം മനസ്സിലാകണമെങ്കിൽ ഇന്ത്യയിലെ നാണയമാടിസ്ഥാനത്തെപ്പററി അല്പമൊന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സ്വർണ്ണമാനദണ്ഡം, വെള്ളിമാനദണ്ഡം എന്നും മററും നാം കേട്ടിട്ടുണ്ടല്ലോ. ഈ പദങ്ങളുടെ ശരിയായ അർത്ഥം എന്താണ്? സമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ പാണ്ഡിത്യമേറിയ നിർവ്വചനങ്ങൾ നമുക്കാവശ്യമില്ല. പ്രായോഗികമായ ഒരു വിവരണം മാത്രമെ ഇവിടെ ഉദ്ദേശിക്കുന്നുള്ളു. സ്വർണ്ണമാനദണ്ഡമെന്നാൽ, ഈ സമ്പ്രദായം നടപ്പിലുള്ള രാജ്യങ്ങളിൽ ദേശീയനാണയത്തിന്റെ വിലയും സ്വർണ്ണവുമായി ഘടിപ്പിച്ചിരിക്കുമെന്നാണ് അർത്ഥം. ഇത്ര സംഖ്യക്ക് ഇത്ര തൂക്കം സ്വർണ്ണം എന്നു ക്ലിപ്തപ്പെടുത്തിയിരിക്കും. എല്ലാ സമയത്തും ആർക്കു വേണമെങ്കിലും ദേശീയനാണ്യത്തിനുപകരം സ്വർണ്ണവും, സ്വർണ്ണത്തിനുപകരം ദേശീയനാണ്യവും കൈമാററം ചെയ്യുവാൻ അവകാശമുണ്ട്. ഇങ്ങനെ സ്വർണ്ണവും നാണയവും തമ്മിൽ വിനിമയം ചെയ്യുവാൻ ഗവമ്മേണ്ടിൽനിന്നും അധികാരപ്പെടുത്തിയ ഒരു സ്ഥാപനം എല്ലാ സ്വർണ്ണമാനദണ്ഡരാജ്യങ്ങളിലും ഉണ്ടായിരിക്കും. ഇംഗ്ലണ്ടിൽ പ്രസ്തുത സ്ഥാപനം ബാങ്ക് ഓഫ് ഇംഗ്ലണ്ടാകുന്നു; അഥവാ ആയിരുന്നു. ആയിരുന്നു എന്നു പറയുവാൻ തക്കതായ കാരണമുണ്ട്. ഇംഗ്ലണ്ട് ഇപ്പോൾ സ്വർണ്ണമാനദണ്ഡത്തിന്മേലല്ല നിലകൊള്ളുന്നതു്. 1931 സെപ്റ്റമ്പറിൽ അവർ സ്വർണ്ണമാനദണ്ഡം ഉപേക്ഷിച്ചതാണ്. അതിൽപ്പിന്നെ അതിനെ വീണ്ടും സ്വീകരിക്കുകയുണ്ടായില്ല. സ്വർണ്ണത്തിന്റെ ദൌർല്ലഭ്യമായിരുന്നു ഇംഗ്ലണ്ടിന്റെ പ്രവൃത്തിക്കു കാരണം. നല്ല ഒരു തുക സ്വർണ്ണമായിത്തന്നെ ശേഖരണമില്ലാതെ സ്വർണ്ണമാനദണ്ഡം നിലനിർത്തുക സാദ്ധ്യമല്ലല്ലോ. സ്വർണ്ണശേഖരണമില്ലെങ്കിൽ എങ്ങിനെയാണ് ജനങ്ങൾ ദേശീയനാണയങ്ങൾ കൊണ്ടുവരുമ്പോൾ അതിനു പകരം ഗവമ്മേണ്ടിൽനിന്നും സ്വർണ്ണം കൊടുക്കുക.

സ്വർണ്ണമാനദണ്ഡമല്ല ഇന്ത്യയിലെ നാണയത്തിന്റെ അടിസ്ഥാനം; പിന്നെയോ, സ്റ്റെർലിങ്ങാണ്. റിസർവ്വ് ബേങ്ക് ആക്ട് പ്രകാരം റിസർവ്വ് ബേങ്കിന് സ്റ്റെർലിങ്ങിനെ അടിസ്ഥാനമാക്കി ഉറുപ്പികയടിച്ചുവിടുന്നതിനു വിരോധമില്ല. സ്റ്റെർലിങ്ങ് ബ്രിട്ടനിലെ നാണയമാനദണ്ഡമാണ്. ഉറുപ്പികയെങ്ങനെ ഇന്ത്യൻ നാണയത്തിന്റെ മാനദണ്ഡമായിരിക്കുന്നുവോ അതുപോലെതന്നെയാണ് ഇംഗ്ലണ്ടിൽ സ്റ്റെർലിങ്ങും. അതു ഒരു ലോഹനാണ്യമായിക്കൊള്ളേണമെന്നില്ല. വാസ്തവത്തിൽ ഇംഗ്ലണ്ടിലിപ്പോൾ ലോഹംകൊണ്ടുള്ള സ്റ്റെർലിങ്ങ് നാണ്യമില്ല. എല്ലാം നോട്ടുകളാണ്. ഇംഗ്ലണ്ട് സ്വർണ്ണമാനദണ്ഡമവലംബിച്ചിരുന്ന കാലത്തോളം സ്റ്റെർലിങ്ങിന്റെ പരമാടിസ്ഥാനം സ്വർണ്ണമായിരുന്നു. ഇന്നാകട്ടെ സ്വർണ്ണവും സ്റ്റെർലിങ്ങും തമ്മിലുള്ള വിനിമയത്തോതു് അപ്പപ്പോഴത്തെ കമ്പോളസ്ഥിതിയനുസരിച്ചു മാറിക്കൊണ്ടിരിക്കും. ഉറുപ്പികയും സ്വർണ്ണവും തമ്മിലുള്ള വിനിമയത്തോതും ഇതേമാതിരിതന്നെ മാറിക്കൊണ്ടിരിക്കുന്ന ഒന്നാണല്ലോ.

ഉറുപ്പികയുടെ അടിസ്ഥാനം സ്വർണ്ണമല്ലെന്നും സ്റ്റെർലിങ്ങാണെന്നും പറഞ്ഞുവല്ലോ. അതായതു് സ്റ്റെർലിങ്ങ് കൈവശമുണ്ടെങ്കിൽ ആ അടിസ്ഥാനത്തിന്മേൽ ഉറുപ്പികയടിച്ചു വിതരണംചെയ്യുവാൻ റിസർവ്വ് ബാങ്കിന്നധികാരമുണ്ട്. അതിനുംപുറമെ ഉറുപ്പികയുടെ വില സ്റ്റെർലിങ്ങിന്റെ വിലയുമായി ഘടിപ്പിച്ചിരിക്കുന്നു. ഒരുറുപ്പികക്കു 18 പെൻസ് വിലയാണ്, അതായതു് ഒരു സ്റ്റെർലിങ്ങിന് 13-ക. 5-ണ. 4-പൈ

ബ്രിട്ടൻ വാങ്ങിയിട്ടുള്ള സാധനസാമഗ്രികൾക്കു ഉടനടി വിലകിട്ടേണമെന്നു ഇന്ത്യൻ കച്ചവടക്കാർ നിർബ്ബന്ധിച്ചവേളയിൽ ഇന്ത്യാഗവർമ്മേണ്ടു സ്വീകരിച്ച തന്ത്രം ഇപ്പോൾ നമുക്കു എളുപ്പത്തിൽ ഗ്രഹിക്കുവാൻ സാധിക്കും. റിസർവ്വ് ബാങ്കിന് ലണ്ടനിൽ ഒരു ശാഖയുണ്ട്. ബ്രിട്ടീഷുഗവർമ്മേണ്ടിന്റെ കയ്യിൽനിന്നു കിട്ടുവാനുള്ള സംഖ്യ സ്റ്റെർലിങ്ങായി ഈ ശാഖ ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ കയ്യിൽനിന്നു തല്ക്കാലം ഈടാക്കി. ഈ സ്റ്റെർലിങ്ങിനെ അടിസ്ഥാനമാക്കി ഇന്ത്യയിലെ റിസർവ്വ് ബാങ്ക് ഉറുപ്പികനോട്ടുകൾ അടിച്ചു് ഇന്ത്യക്കാരുടെയിടയിൽ വിതരണം ചെയ്തു. ഈ വിധത്തിൽ ഇന്ത്യക്കാരുടെ അഭിലാഷവും ബ്രിട്ടീഷുകാരുടെ ആവശ്യവും ഇന്ത്യാഗവർമ്മേണ്ടു ഒരേ സമയത്തുതന്നെ തൃപ്തിപ്പെടുത്തിയിരിക്കുന്നു. ഒരു വെടിക്കു് രണ്ടു കിളികൾ!

സ്റ്റെർലിങ്ങിനെ അടിസ്ഥാനമാക്കി റിസർവ്വ് ബാങ്ക് യുദ്ധാരംഭത്തിന്നുശേഷം ഇന്ത്യയിൽ 900 കോടി ഉറുപ്പികയോളം വിതരണം ചെയ്തിട്ടുണ്ടെന്നാണ് കണക്ക്. യുദ്ധത്തിന്നു മുമ്പു സാധാരണസമയങ്ങളിൽ ഇന്ത്യയിൽ 350 കോടി ഉറുപ്പികയെ നാണ്യമായി ഉപയോഗത്തിലുണ്ടായിരുന്നുള്ളു. ഇപ്പോൾ അതു 1200 കോടിയായി വർദ്ധിച്ചിരിക്കുന്നു.

റിസർവ്വ് ബാങ്കിന്റെ ലണ്ടൻ ശാഖ ബ്രിട്ടീഷുഗവർമ്മേണ്ടിന്റെ കയ്യിൽനിന്നു കിട്ടുവാനുള്ള കടം സ്റ്റെർലിങ്ങ് രൂപത്തിൽ ഈടാക്കിയെന്നു പറഞ്ഞുവല്ലോ. വാസ്തവത്തിൽ ഇതു ശരിയല്ല. വാദമുഖം വിശദീകരിക്കുവാൻ അങ്ങനെയൊരു സങ്കല്പം ഉപയോഗിച്ചുവെന്നേയുള്ളു. വാസ്തവത്തിൽ ബ്രിട്ടീഷുഗവർമ്മേണ്ടു റിസർവ്വ്ബാങ്കിന്നു ഒരു പ്രോനോട്ടു, കടപത്രം നൽകുക മാത്രമേ ചെയ്തിട്ടുള്ളു. ഈ കടപത്രത്തിനെ അടിസ്ഥാനമാക്കിയാണ് ഇന്ത്യയിൽ നോട്ടുകളടിച്ചു വിതരണം ചെയ്തിട്ടുള്ളതു്. ഇന്ത്യക്കാവശ്യപ്പെടുമ്പോൾ ബ്രിട്ടൻ തരാനുള്ളതു സാധനമായിട്ടോ സ്വത്തായിട്ടോ തന്നു വീട്ടുമെന്നാണു പ്രതീക്ഷ. ഈ പ്രതീക്ഷ ഇനിയും യഥാർത്ഥത്തിൽ സഫലമായിക്കഴിഞ്ഞിട്ടില്ല. ബ്രിട്ടന്റെ വാഗ്ദാനമാണ് വാസ്തവത്തിൽ ഇന്നു ഇന്ത്യക്കു ലണ്ടനിലുള്ള സ്റ്റെർലിങ്ങ് മിച്ചം.

വട്ടാമ്പൊയിൽ
പാത്തുക്കുട്ടി വൈദ്യരുടെ
പ്രസിദ്ധമായ
A. V. OIL
രക്തദൂഷ്യത്തിന്നു അത്യുത്തമം.
K. V. KRISHNAN
THE ANGLO INDIAN PHARMACY, CALICUT.

ബാലപംക്തി

*ബെൽജിയത്തിൽനിന്നു

ഖാൻബഹദൂർ കെ. മുഹമ്മദ് എം. ഏ.

Brussels,
Belgium,
20—8—1924.

പാരിസ്സിൽനിന്നു ഒടുവിൽ എഴുതിയ കത്തിൽ ഞാൻ ബെൽജിയത്തിന്റെ തലസ്ഥാനനഗരമായ ബ്രസ്സൽസ് (Brussels) കൂടി സന്ദർശിച്ചതിനുശേഷമേ ലണ്ടനിലേക്കു മടങ്ങുകയുള്ളുവെന്നു എഴുതിയിരുന്നുവല്ലോ. തീവണ്ടിവഴിയായി മൂന്നുദിവസം മുമ്പു ഞാൻ ഇവിടെ എത്തി. പാരിസ്സിൽനിന്നു ബ്രസ്സൽസിലേക്കു 200 നാഴിക മാത്രമേ ദൂരമുള്ളു. അതായതു കോഴിക്കോട്ടുനിന്നു ഈറോട്ടു എത്തുവാനുള്ള ദൂരം മാത്രം. ഈ പട്ടണത്തെ 'ബ്രസ്സൽസ്' എന്നാണു ഇംഗ്ലീഷുകാർ വിളിക്കുന്നതെങ്കിലും, ഫ്രെഞ്ചുകാർ പാരീസ്സിനെ 'പാരി' എന്നു വിളിച്ചുവരുന്നതുപോലെ, ഇവിടത്തുകാർ "ബ്രൂസ്സേൽ" എന്നാണു ഇതിന്റെ പേർ ഉച്ചരിക്കുന്നതു്. പാരിസ്സിൽനിന്നു വിടുന്നതിനു മുമ്പു സ്വീറവ്സർഖണ്ടിന്റെ അതിർത്തിയിലും മറ്റുമായി സ്ഥിതിചെയ്യുന്ന, കഴിഞ്ഞ യുദ്ധത്തിലെ പശ്ചിമപോർക്കളങ്ങളും പോയി സന്ദർശിക്കുകയുണ്ടായി. അനേകം നാഴിക നീളത്തിൽ കിടക്കുന്ന ഈ സ്ഥലങ്ങളിൽ പട്ടാളക്കാർക്കു ഒളിഞ്ഞിരുന്നു വെടിവെക്കുവാനായി കുഴിച്ചുണ്ടാക്കിയിട്ടുണ്ടായിരുന്ന തോടുകൾ (Trenches) ധാരാളമായി കാണാമെന്നല്ലാതെ, ഇപ്പോൾ പ്രത്യേകമായൊന്നും അവിടെ കാണ്മാനില്ല.

ബ്രസ്സൽസിലേക്കുള്ള തീവണ്ടി ഫ്രാൻസിന്റെ വടക്കുകിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന താഴ്ന്ന പ്രദേശങ്ങളിൽ കൂടിയാണ് പോകുന്നതു്. ഈ പ്രദേശം ഏററവും രമണീയമായ ഒന്നാകുന്നു. ഫ്രാൻസ് ഒരു വലിയ കാർഷികരാജ്യമാണെന്നും അവിടത്തെ മുതലെടുപ്പു ഒട്ടുമുക്കാലും കൃഷിയെ ആസ്പദിച്ചാണിരിക്കുന്നതെന്നും കേട്ടിരിക്കുമല്ലോ. നാട്ടുപുറങ്ങളിൽ കൃഷിചെയ്തുവരുന്ന എത്രയോ ഭംഗിയേറിയ മുന്തിരിത്തോട്ടങ്ങളിൽകൂടിയാണ് ബെൽജിയത്തിലേക്കുള്ള വഴി. ഈ തോട്ടങ്ങളിൽ അവിടവിടെയായി ഒഴുകിക്കൊണ്ടിരിക്കുന്ന ചെറുനദികൾ പൊതുവിൽ ഈ നാട്ടുപുറപ്രദേശത്തിനു ഒരു പ്രത്യേകം കൗതുകം നൽകുന്നു. ഈ തോട്ടങ്ങളിൽ ഫ്രെഞ്ചു കർഷകന്മാർ മശീഥേ പ്രയത്നംചെയ്തു തങ്ങളുടെ കുടുംബജീവിതം പുലർത്തിപ്പോരുന്നതിനും ഫ്രാൻസിലെ പൊതുസാമ്പത്തികജീവിതം നന്നാക്കിത്തീർക്കുന്നതിനും ശ്രമിച്ചുവരുന്നു. പാരിസ്സിലെ പരിഷ്കാരമൂഢത്വവും ഈ നാട്ടുപുറങ്ങളിലെ ശാന്തജീവിതവും തമ്മിൽ എന്തൊരു വ്യത്യാസം!

ബ്രസ്സൽസിൽ ഇംഗ്ലീഷുഭാഷ മാത്രം അറിഞ്ഞാൽ കഴിച്ചുകൂട്ടുവാൻ വളരെ പ്രയാസം. ഇവിടെ ധാരാളമായി ഫ്രെഞ്ചുഭാഷയും അതു കഴിഞ്ഞാൽ ജർമ്മൻഭാഷയുമാണ് ജനങ്ങൾ അധികം സംസാരിക്കുന്നതു്. എങ്കിലും ഇംഗ്ലീഷുസമ്പ്രദായത്തിൽ ഏർപ്പാടുചെയ്തിട്ടുള്ള ഹോട്ടലുകളിൽ കയറി താമസിച്ചാൽ ഇവിടത്തുകാരുടെ ജീവിതരീതി മനസ്സിലാക്കുവാൻ സാധിക്കാത്തതുകൊണ്ടു ഇംഗ്ലീഷറിയാത്ത ബെൽജിയക്കാർ നടത്തുന്ന ഒരു ചെറിയ ഹോട്ടലിലാണ് ഞാൻ കയറിക്കൂടിയതു. "ഹോട്ടലിൽ മുറിയുണ്ടോ" എന്ന ചോദ്യം അവരെ മനസ്സിലാക്കുന്നതിനുതന്നെ വളരെ പണിപ്പെട്ടു. ഇതു ഒരുവിധം ആംഗ്യങ്ങളാൽ സാധിപ്പിച്ചുവെങ്കിലും ഞാൻ ഒരു മര്യാദയാത്രക്കാരനാണെന്നു അവർക്കു 'ബോദ്ധ്യപ്പെടുവാനോ' എന്നറിഞ്ഞില്ല, എന്റെ പാസ്സ്പോർട്ട് കാണണമെന്നു അവർ ആവശ്യപ്പെട്ടു. പാസ്സ്പോർട്ടു കാണിച്ചുകൊടുത്തു, എന്നാൽ അതിലെ വിവരങ്ങൾ ഇംഗ്ലീഷുഭാഷയിൽ മാത്രം എഴുതിയിരുന്നതുകൊണ്ടു അവർ വീണ്ടും പരവശരായി. എങ്കിലും ഹോട്ടലുടമസ്ഥൻ എന്റെ പാസ്സ്പോർട്ടുമായി ഒരു പോലീസ്സ്റ്റേഷനിൽചെന്നു അന്വേഷണം ചെയ്തു തൃപ്തിയടഞ്ഞതിനുശേഷമാണ് എനിക്കു താമസിക്കുവാനായി ഒരു മുറി ഏർപ്പാടുചെയ്തുതന്നതു. ഞാൻ

---

* ഡിവിഷനൽ ഇൻസ്പെക്ടർ ഖാൻബഹദൂർ കെ. മുഹമ്മദ് സാഹിബ് വിദ്യാഭ്യാസ പരിശീലനാർത്ഥം ഇംഗ്ലണ്ടിൽ പോയിരുന്ന കാലത്തു വിവിധസ്ഥലങ്ങളിൽനിന്നു അദ്ദേഹം തന്റെ പിതാവിനു അയച്ചിട്ടുള്ള ചില കത്തുകളാണ് അദ്ദേഹത്തിന്റെ അനുമതിയോടുകൂടി ഞങ്ങൾ ഈ പംക്തിയിൽ പ്രസിദ്ധംചെയ്യുന്നതു്. ഇന്നു യൂറോപ്പ് പ്രത്യേകം പൊതുജനശ്രദ്ധെക്കു വിഷയീഭവിച്ചിരിക്കകൊണ്ടു കത്തുകൾ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുന്നതിനു പകരം സന്ദർഭം ഓർത്തു ഈ കത്തിനു മുൻഗണന നൽകിയതാണ്. (പ.)

ഒരു ബ്രിട്ടീഷ് പ്രജയാണെന്നു മനസ്സിലായപ്പോൾ അവരുടെ സ്വീകരണം കുറേക്കൂടി ഹാർദ്ദവമായ രീതിയിലായിത്തീർന്നു. അതിന്നുശേഷം എനിക്കു എന്തു ഭക്ഷണമാണ് വേണ്ടതെന്നുള്ള അവരുടെ ചോദ്യം എനിക്കും എന്റെ മറുപടി അവർക്കും മനസ്സിലാകുന്നതിന്നായിരുന്നു കാര്യമായുള്ള ബുദ്ധിമുട്ട്. കോഴിമുട്ടയുടെ ആകൃതി കൈകൊണ്ടു വരച്ചുകാണിച്ചും അതു ചൂടുവെള്ളത്തിലിട്ടു പുഴുങ്ങി, റൊട്ടിയും വെണ്ണയും കൂടെ കാലത്തു തന്നാൽ മതിയെന്നു മററു പലവിധ ആംഗ്യങ്ങളോടുകൂടിയും ഞാൻ ഒരു വിധം അവരെ മനസ്സിലാക്കി. പക്ഷെ പന്നിമാംസം ഞാൻ കഴിക്കുകയില്ലെന്നു അവരെ മനസ്സിലാക്കുവാനായിരുന്നു അധികവിഷമം. അതുമൊരുവിധം സാധിപ്പിച്ചതിന്നുശേഷം അവർ, പുറത്തുപോയി കാഴ്ചസ്ഥലങ്ങൾ കാണുന്നതിന്നും കൃത്യസമയങ്ങളിൽ തിരിച്ചുവന്നു ഭക്ഷണം കഴിക്കുന്നതിന്നുമുള്ള സ്വാതന്ത്ര്യമെനിക്കു നൽകി. പുറത്തു പോകുമ്പോഴും തിരിച്ചു വരുമ്പോഴും വളരെ സന്തോഷകരമായ ഒരു പുഞ്ചിരിയോടുകൂടി എനിക്കു സലാം തരികയും ചെയ്യും.

ഇവിടുത്തെ കാഴ്ചസ്ഥലങ്ങൾ ഏതെല്ലാമാണെന്നറിയുന്നതിന്നായി ഒരു പുസ്തകഷാപ്പിൽ ചെന്നു അവയുടെ ചിത്രങ്ങളും, വിവരങ്ങൾ ഇംഗ്ലീഷിൽ കൊടുത്തിട്ടുള്ളതുമായ ഒരു "ഗൈഡ്" ബുക്കും (Guide Book) പട്ടണത്തിന്റെ ഒരു മേപ്പും വാങ്ങി ആദ്യം തന്നെ കയ്യിൽ വെച്ചു. കുറെ അധികം ബെൽജിയൻ ചില്ലറ നാണ്യങ്ങൾ വാങ്ങീട്ടു കീശയിലും ഇട്ടു. ഗൈഡ് പുസ്തകത്തിൽ നോക്കി പ്രധാനമായ ഏതെങ്കിലും കാഴ്ചസ്ഥലം കാണുവാൻ തീർച്ചപ്പെടുത്തിയാൽ ബസ്സോ ട്രാമോ നിൽക്കുന്ന സ്ഥലങ്ങളിൽ ചെന്നുനിന്നു ആദ്യം വരുന്ന വാഹനത്തിൽ കയറി ഉടനെ കണ്ടക്ടർക്കു ആ സ്ഥാപനത്തിന്റെ ചിത്രം കാണിച്ചുകൊടുക്കും. ആ വാഹനം ആ വഴിക്കു പോകുന്നതല്ലെങ്കിൽ കണ്ടക്ടർ തന്നെ പരിഭ്രമത്തോടെ അതു മനസ്സിലാക്കുവാൻ ശ്രമിക്കും. അപ്പോൾ എന്റെ പെൻസിലെടുത്തു കണ്ടക്ടരുടെ കയ്യിൽ കൊടുത്തു അങ്ങോട്ടു പോകുന്ന വാഹനത്തിന്റെ നമ്പർ കുറിച്ചു തരുവാൻ ആംഗ്യങ്ങൾ മുഖേന അയാളെ മനസ്സിലാക്കും. നമ്പർ കുറിച്ചു വാങ്ങിയ ശേഷം ആ നമ്പരുള്ള വാഹനത്തിൽ പോയി കയറും. ആ കണ്ടക്ടർക്കും ഈ ചിത്രം കാണിച്ചുകൊടുക്കുന്നതിനോടു കൂടെ കുറെ ചില്ലറയും കാണിച്ചുകൊടുക്കും. അതിൽ നിന്നു വേണ്ടതെടുത്തു ടിക്കററും തന്നു ഇറങ്ങേണ്ട സ്ഥലത്തു എത്തിയാൽ കണ്ടക്ടർ ഓർമ്മപ്പെടുത്തുക

ജപ്പാനിലെ പ്രചരണ വേലക്കാർ
"ഇന്ത്യയെ ഞങ്ങൾ സ്വതന്ത്രമാക്കും"
എന്ന് പാടുന്നുണ്ട് — തങ്ങളുടെ രാജ്യത്ത്
സ്വാതന്ത്ര്യമനുഭവിക്കാത്ത ജനങ്ങളുടെ
ഈ വാഗ്ദാനം നല്ലതുതന്നെ !! ഇന്ത്യ
സ്വയംഭരണത്തിന്നാണ് മോഹിക്കുന്നത്.
അത് അവർക്കു യുദ്ധത്തിന്നുശേഷം കിട്ടു
ന്നതുമാണ് ഏഷ്യാജനതയെ അധീന
മാക്കാനാണ്, സ്വതന്ത്രമാക്കാനല്ല
അവരുടെ സൈനിക നേതാക്കന്മാർ
ഉദ്ദേശിക്കുന്നത് അവരിൽനിന്ന്
യാതൊരു സഹായവും ഇന്ത്യക്കാവശ്യമില്ല.
വിജയത്തിൽക്കൂടെ സ്വാതന്ത്ര്യത്തിലേക്ക
AAA 1019 ML

യും കൃഷിയും. ഭാഷ അറിയാത്തവർക്കുപ്പോലും സ്ഥലങ്ങൾ പോയിക്കാണുവാനുള്ള ഏർപ്പാട് ഇങ്ങിനെയാണ് ചെയ്തിട്ടുള്ളത്.

ബ്രസ്സൽസ് പട്ടണത്തിന്ന ഏകദേശം 12½ ചതുരശ്രനാഴിക വിസ്തീർണ്ണമുണ്ട്. ഇവിടെ 7 ലക്ഷത്തോളം ജനങ്ങൾ പാർത്തുവരുന്നു. വൃത്തിയിലും മോടിയിലും ഇതു ഏകദേശം പാരിസ്സിനെയാണ് തുടർന്നു കാണുന്നത്. പാരിസ്സിലേതുപോലെ തെരുവുകളുടെ ഇരുഭാഗങ്ങളും ഇവിടെയും വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചിട്ടുള്ളതുകൂടാതെ ചായക്കടപ്പുകളുടെ മുൻപിലിരുന്നു ലഘുഭക്ഷണം കഴിച്ചുംകൊണ്ടിരിക്കുന്ന സമ്പ്രദായവും ഇവിടെ അനുകരിച്ചുകാണുന്നുണ്ട്. പട്ടണത്തിൻെറ പലഭാഗങ്ങളിലും ഭംഗിയായ തോട്ടങ്ങളും, പാർക്കുകളും, ഏർപ്പാട് ചെയ്തിട്ടുമുണ്ട്. മിക്ക പ്രധാനതെരുവുകളിലും ബെൽജിയം ചരിത്രത്തിൽ പ്രശസ്തിനേടിയ മഹാന്മാരുടെ പ്രതിമകൾ കാണാം. താരതമ്യേന ലണ്ടനേക്കാളും പാരിസ്സിനെക്കാളും ബ്രസ്സൽസ് വളരെ ചെറിയ ഒരു പട്ടണമാണെങ്കിലും ഇവിട്ടത്തെ പ്രധാനപ്പെട്ട എടുപ്പുകൾ ഗംഭീരതരങ്ങളും വളരെ ഭംഗിയായി നിർമ്മിക്കപ്പെട്ടിട്ടുള്ളവയുമാണ്. The Grande Place എന്ന പട്ടണത്തിൻെറ മദ്ധ്യഭാഗം യൂറോപ്പിലെ ഒരു ശ്രുതിപ്പെട്ട കാഴ്ചസ്ഥലമാണ്. ഇവിടെയാണ് ബെൽജിയത്തിലെ ഏററവും പ്രധാനമായവയും ശ്രുതിപ്പെട്ടവയും ശില്പകലയിൽ പ്രാധാന്യമർഹിക്കുന്നവയുമായ രണ്ടെടുപ്പുകൾ സ്ഥിതിചെയ്യുന്നത്. ഇവയിൽ ഒന്നാണ് Hotel de Ville എന്ന ഗവർമ്മേണ്ടാപ്പീസുകൾ ഏർപ്പാട് ചെയ്തിട്ടുള്ള ഗംഭീരമായ എടുപ്പ്. ഇതിന്നുനേരെ എതിരായിട്ടാകുന്നു Maison du Roi എന്ന ഏററവും ഭംഗിയേറിയ മറെറാരു ഗവർമ്മേണ്ട് മന്ദിരം സ്ഥിതിചെയ്യുന്നത്. ബെൽജിയം രാജാവിൻെറ കൊട്ടാരവും, ബെൽജിയം പാർലിമെണ്ട് എടുപ്പായ Palais de la Nation ഉം മററു പ്രധാനപ്പെട്ട കാഴ്ചസ്ഥലങ്ങളാണ്. Palais de Justice എന്ന കോടതി എടുപ്പുകൾ യൂറോപ്പിലെ ഏററവും ശ്രുതിപ്പെട്ട എടുപ്പുകളിൽ ഒന്നാണ്. The Church st. Gudule എന്ന പള്ളിയാണ് കാഴ്ചക്കാരെ ആകർഷിക്കുന്ന ചരിത്രപ്രധാനമായ മറെറാരു കെട്ടിടം. ഇവകൂടാതെ കാഴ്ചബംഗ്ലാവുകൾക്കായുപയോഗപ്പെടുത്തിയിട്ടുള്ള മററു പ്രധാന കെട്ടിടങ്ങൾ വേറെയുമുണ്ട്.

ബെൽജിയം ഒരു ചെറുരാജ്യമാണെങ്കിലും ഇവിട്ടത്തെ സർവ്വകലാശാലാ എടുപ്പുകൾ ഗംഭീരതരങ്ങളാണ്. സർവ്വകലകളും നവീനരീതിയിലുള്ള പഠനത്തിന്നുള്ള എല്ലാ ഏർപ്പാടുകളും ഇവിടെയുണ്ട്. നിയമം, വൈദ്യം, തത്വജ്ഞാനം, പ്രകൃതിശാസ്ത്രം, രാജ്യഭരണതന്ത്രം, ചരിത്രം, വിദ്യാഭ്യാസം, കച്ചവടം, സാമുദായികശാസ്ത്രം, സാഹിത്യം എന്നീ വിഷയങ്ങളിൽ ഇവിടെ പൂർണ്ണമായ അദ്ധ്യയനം നൽകിവരുന്നു. ഈ എടുപ്പുകളിൽതന്നെ എത്രയോ ഗ്രന്ഥങ്ങൾ അടങ്ങിയ ഒരു പുസ്തകശാലയുമുണ്ട്. കഴിഞ്ഞ യുദ്ധകാലത്തു ഏകദേശം നാലു വർഷത്തോളം ജർമ്മൻകാരാണല്ലോ ഈ പട്ടണം കീഴടക്കി ഭരിച്ചിരുന്നത്. ജർമ്മൻകാരുടെ അക്രമപ്രവേശനത്തോടുകൂടി ഇവിട്ടത്തെ പ്രധാന എടുപ്പുകൾക്കും, തെരുവുകൾക്കും കാര്യമായ നാശം വരുത്തിയിരുന്നു. രണ്ടു ശക്തരാഷ്ട്രങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന ഒരു ചെറു രാജ്യത്തിന്ന സാധാരണയായി അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളാണവ. എന്നാൽ കഴിഞ്ഞ മൂന്നു നാലു കൊല്ലങ്ങൾക്കുള്ളിൽ ഈ കേടുകൾ തീർത്തു പട്ടണം മുൻപിരുന്ന രീതിയിൽ തന്നെ ആക്കിത്തീർത്തു കാണുന്നതിൽ ബെൽജിയക്കാരെ പ്രത്യേകം പ്രശംസിക്കേണ്ടിയിരിക്കുന്നു.

പാരിസ്സിലേതുപോലെ ഇവിടെയും അനേകം വിനോദസ്ഥലങ്ങൾ ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇവിടത്തെ ശുചീകരണ ഏർപ്പാടുകളും സ്തുത്യർഹമാണ്. തെരുവുകളും വീടുകളും എത്രയോ ശുചിയായി സൂക്ഷിച്ചുവരുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും ഇവർ വളരെ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. പാലുംവെണ്ണയും പട്ടണത്തിലെവിടെയും ആദായവിലക്കു കിട്ടത്തക്ക വിധത്തിൽ വിതരണ ഏർപ്പാടുകൾ ചെയ്തിട്ടുമുണ്ട്. പട്ടണത്തിലെ അധികം തിരക്കില്ലാത്ത ഭാഗങ്ങളിൽ പാൽ വിതരണം ചെയ്യുന്നതു നായ്ക്കൾ വലിച്ചുകൊണ്ടുപോകുന്ന ഒരു തരം വണ്ടികൾ മുഖേനയാണ്. ഇതു ഇവിടത്തെ ഒരു പ്രത്യേക സമ്പ്രദായമായിത്തോന്നുന്നു.

മൊത്തത്തിൽ പറയുന്നതായാൽ യൂറോപ്പ് കണ്ടേടത്തോളം എല്ലാ പട്ടണങ്ങളിലും ഏകദേശം ഒരേ ജീവിതരീതി അംഗീകരിച്ചിട്ടുള്ളതായി കാണാം. ലണ്ടനെപ്പോലെ ധനവാന്മാർ അധികം നിവസിക്കുന്ന പട്ടണങ്ങളിൽ അവർ അധികം ധനം വ്യയംചെയ്തു തങ്ങളുടെ ജീവിതം ഏററവും സുഖകരമാക്കിത്തീർക്കുന്നുണ്ടെങ്കിലും പൊതുജനങ്ങളുടെ ജീവിതം മിതമായ ആരോഗ്യരീതിയിലും ശുചീകരണ ഏർപ്പാടുകളിലും കുറവു വരുത്താതെ കഴിച്ചുകൂട്ടുവാനാണ് എല്ലാ രാഷ്ട്രങ്ങളുടെയും ഉദ്ദേശമെന്ന് എളുപ്പത്തിൽ കാണാവുന്നതാണ്. എനിക്കു വിശേഷാൽ സുഖക്കേടൊന്നുമില്ല. മററു വിവരങ്ങൾ ലണ്ടനിൽ തിരിച്ചെത്തിയശേഷം എഴുതി അറിയിക്കുന്നതാണ്.

വിശ്വാസത്തെ ഉദ്ദീപിപ്പിക്കുന്ന സ്ഥിതിവിവരകണക്കുകൾ

മുമ്മൂന്നാണ്ടു കൂടുമ്പോഴുണ്ടാകുന്ന വില തിട്ടപ്പെടുത്തൽ റിപ്പോർട്ടനുസരിച്ചുള്ള ഇരുപത്തി
മൂന്നാമത്തെ റിപ്പോർട്ട് വെളിപ്പെടുത്തുന്നത് തൃപ്തികരമായ മരണാനുഭവവും
ചുരുങ്ങിയ ചിലവു നിരക്കും ആകുന്നു.
കമ്പനിയുടെ ബാദ്ധ്യതകളെ മൂന്നു ശതമാന പലിശ നിരക്കിൽ
വില തിട്ടപ്പെടുത്തിയതിൽ കഴിഞ്ഞ മൂന്നാണ്ടത്തെ
അററലാഭം രൂപാ 15088092
പാളിസിധാരകന്മാർക്കുള്ള നിക്ഷേപം തന്നിമിത്തം
54 ലക്ഷം രൂപാ കണ്ടു വർദ്ധിച്ചിട്ടുണ്ട്.
പ്രഖ്യാപനം ചെയ്യപ്പെട്ട ബോണസ്സ്
മുഴുജീവിത രക്ഷാഭോഗ പാളിസികൾക്ക് 1000-രൂപാക്ക് പ്രതിവർഷം 12½-രൂപാ
എൻഡോമെൻറ് രക്ഷാഭോഗ പാളിസികൾക്ക് 1000രൂപാക്ക് പ്രതിവർഷം 10 രൂപാ

ഓറിയൻറൽ

ഗവമ്മെൻറു സെക്യൂറിററി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)
1874-ൽ ഇന്ത്യയിൽ രജിസ്റ്റർചെയ്തതു്
ഹെഡ് ആഫീസ് ബോംബെ
ബ്രാഞ്ച് ആഫീസ്—8/54 ജെയിൽ റോഡ് കോയമ്പത്തൂർ.

കുറിപ്പുകൾ

ജിന്നാ-ഗാന്ധി സംഭാഷണം.

സെപ്തമ്പ്ര് 9-ാംനു-മുതൽ ഇന്ത്യയുടെ എന്നല്ല, അഖിലലോകത്തിന്റെയും അവഗാഢമായ ശ്രദ്ധ മൌണ്ട്പ്ലസൻറിലേക്കു തിരിഞ്ഞു. എന്നാൽ, അവിടെവെച്ചു നടന്ന സംഭാഷണത്തെക്കുറിച്ചു ലോകം അന്ന് നിശ്ശബ്ദത ആചരിക്കുകയാണ് ചെയ്തത്. ഇന്ത്യയുടെ നട്ടെല്ലായ രണ്ടു സമുദായങ്ങളുടെ—ഇന്ത്യയിലെ ഏററവും പ്രധാനപ്പെട്ട രണ്ടു രാഷ്ട്രീയ സംഘടനകളുടെ—അനിഷേദ്ധ്യനേതാക്കൾ (ഗാന്ധിജി എല്ലാപ്രാതിനിധ്യങ്ങളെയും താല്ക്കാലികമായി നിഷേധിക്കുന്നുവെന്നുള്ളത് ഞങ്ങൾ വിസ്മരിക്കുന്നില്ല) തമ്മിൽ രാഷ്ട്രീയമായ ഒരൊത്തുതീർപ്പിലെത്തുവാനുള്ള ഹാർദ്ദമായ പരിശ്രമമായിരുന്നു പ്രശാന്തമായ ആ അന്തരീക്ഷത്തിൽ നടന്നത്. പ്രസ്തുത പരിശ്രമത്തിന്റെ പരാജയം താല്ക്കാലികമാണ്. സംഭാഷണവിഷയങ്ങളും, തെററിപ്പിരിയുവാനുള്ള കാരണങ്ങളും സർവ്വത്ര പ്രസിദ്ധം ചെയ്തുകഴിഞ്ഞു. അവയിലുള്ള ന്യായാന്യായങ്ങളെക്കുറിച്ച് നിശ്ചിതമായ ഒരഭിപ്രായം പുറപ്പെടുവിക്കുവാൻ ഈ അവസരത്തിൽ ഞങ്ങൾ മുതിരുന്നില്ല.

സംഭാഷണം ഫലപ്രദമായ ഒരൊത്തുതീർപ്പിൽ എത്തിച്ചേരുവാൻ സാധിച്ചില്ലെന്നുള്ളത് പരിതാപകരം തന്നെ. എന്നാൽ, സംഭാഷണം പരിപൂർണ്ണമായി പരാജയപ്പെട്ടുവെന്നു പറയുവാൻ നിർവ്വാഹമില്ല. ഇതു തങ്ങളുടെ സംഭാഷണത്തിന്റെ അവസാനഘട്ടമല്ലെന്നു ഖായിദേ അസമും, സംഭാഷണം അനിശ്ചിതകാലത്തേയ്ക്കു നീട്ടിവെച്ചിരിക്കയാണെന്ന് ഗാന്ധിജിയും അഭിപ്രായപ്പെടുന്നു. ഇന്ത്യയിൽ വിവിധകക്ഷികൾ തമ്മിൽ ഒരൊത്തുതീർപ്പുണ്ടായി കൂടുതൽ പ്രജായത്തവും, സുദൃഢവും, ന്യായാനുസൃതവുമായ ഒരു ഭാവി സൃഷ്ടിക്കപ്പെടുവാൻ ആകാംക്ഷയോടുകൂടി ഇരിക്കുന്നവർക്ക് ഇനിയും ആശയ്ക്കു വഴിയുണ്ട്.

ഇന്ത്യയെപ്പോലെ വിപുലവും, വിഭിന്നമായ ആശയങ്ങളുടെയും സംസ്ക്കാരങ്ങളുടെയും കേന്ദ്രവുമായ ഒരു മഹാരാഷ്ട്രത്തിന്റെ ഭാവിയെ നിർണ്ണയിക്കുവാൻ ഒന്നല്ല, പത്തുകൂടിയാലോചനകൾക്ക് കഴിഞ്ഞില്ലെങ്കിൽ, അത് നേതാക്കളുടെ ജ്ഞാനശൂന്യതയും സഹകരണക്കുറവും നിമിത്തമാണെന്ന് പറയുന്നതു ശരിയല്ല. രാജാജിയുടെ നിർദ്ദേശം സ്വീകാര്യമായില്ലെങ്കിലും, അദ്ദേഹത്തിന്നുതന്നെയോ, മററു നേതാക്കൾക്കോ പുതിയ നിർദ്ദേശം സമർപ്പിക്കാവുന്നതും, നേതാക്കൾക്കു അതിനെക്കുറിച്ചു പുനരാലോചിക്കയും ചെയ്യാവുന്നതാണ്. "ഇന്ത്യയെ വിഭജിക്കാം" മെന്നേടത്തോളം എത്തിക്കഴിഞ്ഞു. അത് എപ്രകാരം ചെയ്യണമെന്നുള്ള പ്രശ്നം മാത്രമേ അവശേഷിക്കുന്നുള്ളു.

നാം സമുദായികമായും രാഷ്ട്രീയമായും തമ്മിൽ തമ്മിൽ അധിക്ഷേപിക്കാതെ ഏകാഗ്രതയോടും സഹിഷ്ണുതയോടും, ഓരോ സമുദായത്തിന്റെയും രാഷ്ട്രീയകക്ഷിയുടെയും ഉള്ളിൽനിന്നുകൊണ്ടു ഇനിയും പരിശ്രമിക്കുന്നതായാൽ നമുക്കു വളരെ പുരോഗമിക്കുവാൻ സാധിക്കും. അഥവാ, സംഭാഷണം അലസിപ്പിരിഞ്ഞു എന്ന കാരണത്താൽ പരസ്പരം

കുററാരോപണം ചെയ്യുവാൻ നാം പുറപ്പെടുകയാണെങ്കിൽ ഈജിപ്പിന്റെ കവാടം നമ്മൾ തന്നെ അടയ്ക്കുകയായിരിക്കും ചെയ്യുന്നതെന്ന് ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

തിരൂർ മുസ്ലിംബാലികാ ഹൈസ്കൂൾ ഫണ്ട്.

കഴിഞ്ഞ ലക്കം "റവ്യൂ"വിൽ കാണിച്ചതിന്നു പുറമെ താഴെ കാണിക്കുന്ന സംഭാവനകൾ പ്രസ്തുത ഫണ്ടിലേക്ക് പിരിഞ്ഞു കിട്ടിയിരിക്കുന്നു.

1. ജനാബ് കെ. ററി. എം. ഹുസ്സൈൻ സാഹിബ്, കീളക്കരെ ക. 1000.
2. മെസ്സേർസ്. എൻ. പീ. അബ്ദുള്ള സാഹിബ്, മദ്രാസ് ക. 500.
3. ,, എച്ച്. എം. എസ്സ്. അബ്ദുൽറഹിമാൻ ഏൻറ് കമ്പനി, മദ്രാസ് ക. 200.
4. ,, ററി. എം. ഉസ്മാൻഹാജി ഏൻറ് കമ്പനി, മദ്രാസ് ക. 100.
5. ജനാബ് എം. ഡി. റഹിമാൻ സാഹിബ്, മദ്രാസ് ക. 100.
6. ,, പി. ററി. പി. അബ്ദുൽ ഹമീദ് സാഹിബ്, മദ്രാസ് ക. 100.
7. മെസ്സേർസ്സ് കമ്മപ്പ ബ്രദർസ്, മണ്ണാർക്കാട്ട ക. 75.
8. ജനാബ് പി. കെ. ഉണ്ണീൻകുട്ടി സാഹിബ്, മണ്ണാർക്കാട്ട് ക. 25.

ബോമ്പെ ലൈഫ് അഷ്വറൻസ് കമ്പനി ക്ലിപ്തം.

പ്രസ്തുത കമ്പനിയുടെ 1942—43-ലെ 36-ാമത്തെ വാർഷികറിപ്പോർട്ടുപ്രകാരം റിപ്പോർട്ടുവർഷത്തിലാണ് കമ്പനി ഏററവുമധികം പോളിസികൾ ഇഷ്യൂചെയ്തിട്ടുള്ളതായറിയുന്നു. 155 ലക്ഷം ക. വരുന്ന 5979 പോളിസികൾ റിപ്പോർട്ടുവർഷത്തിൽ പുറത്തിറക്കിയിട്ടുണ്ട്. യുദ്ധം നിമിത്തമുണ്ടായിട്ടുള്ള അധികച്ചെലവ് കമ്പനി സാമർത്ഥ്യത്തോടെ തരണം ചെയ്കയും 1000-ന്ന് 270-ക. കണ്ടു ലൈഫ് അഷ്വറൻസ് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടുവർഷത്തിൽ കമ്പനിയുടെ പുരോഗതി അഭിമാനകരമായിക്കാണുന്നു.

കൈപ്പററി

[യോഗക്ഷേമം രജതജൂബിലി വിശേഷാൽപ്രതി, വില 2ക. 8ണ.] കടലാസ്സിന്റെ ഈ വിഷമംപിടിച്ച കാലത്തു 92 പേജിൽ കേരളത്തിലെ സുപ്രസിദ്ധ എഴുത്തുകാരുടെ 37 കവിതകളും ലേഖനങ്ങളുമടങ്ങിയതും അനവധി ചിത്രങ്ങളോടുകൂടിയതും തൃശ്ശൂർ, മംഗളോദയം പ്രസ്സിൽ കമനീയമായി അച്ചടിച്ചിട്ടുള്ളതുമായ ഈ വിശേഷാൽപ്രതി പ്രസാധനം ചെയ്തതിൽ യോഗക്ഷേമം ഭാരവാഹികളെ ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു.

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടക്കൽ

ശാഖകൾ:— കോഴിക്കോട് & പാലക്കാട്.

സുമാർ നാലു പന്തീരാണ്ടുകാലമായി വൈദ്യരത്നം പി എസ്സ് വാരിയരവർകൾ "ആയുർവ്വേദ"ത്തിന്റെ അഥവാ "ആര്യവൈദ്യ"ത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരേണയും അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ എത്രയും വിജയകരമായ ഫലമാണ് "സാക്ഷാൽ ആര്യവൈദ്യശാല."

ശാസ്ത്രവിധിയിൽനിന്നു അണുപോലും വ്യതിചലിക്കാതെ, വൈദ്യരത്നത്തിന്റെതന്നെ എത്രയും നിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ പാകം ചെയ്യപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ താരതമ്യേന മിതമായ വിലക്ക് ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും. രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കേണ്ടതിലേക്കു വിദഗ്ദ്ധന്മാരായ വൈദ്യന്മാർ കോട്ടക്കലും ബ്രാഞ്ചുകളിലും എല്ലായ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്. എന്നാൽ നവരക്കിഴി, തക്രധാര, പിഴിച്ചൽ മുതലായ പ്രധാനപ്പെട്ട ചികിത്സകൾക്കു കൂടുതൽ സൗകര്യം കോട്ടക്കൽതന്നെയാണ്. രോഗവിവരം വിശദമായി എഴുതി അറിയിച്ചാൽ യാതൊരു പ്രതിഫലവുംകൂടാതെ ചികിത്സാനിർദ്ദേശങ്ങൾ മടക്കത്തപ്പാലിൽത്തന്നെ അയച്ചുകൊടുക്കുന്നതാണ്. മരുന്നുകൾ വി. പി. യായും അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു മലയാളം, തമിഴ് ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഔഷധപ്പട്ടികകൾക്കാവശ്യപ്പെടുക. സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്.

മാനേജർ.

മേഘച്ഛായ

ജി. ശങ്കരക്കുറുപ്പ്.

മേഘസന്ദേശത്തിന്റെ ശബ്ദാർത്ഥസൗകുമാര്യം കളിയാടുന്ന പുതിയ വിവർത്തനം. ഇതിന്റെ അവതാരികയിൽ ശ്രീമാൻ പി. ശങ്കരൻ നമ്പ്യാർ, എം. എ. എഴുതുന്നു: "വാസനാനുഗൃഹീതനും കവിധർമ്മമർമ്മജ്ഞനുമായ ഒരു കേരളീയ സഹൃദയവര്യന്റെ വിശദമനോമുകുരത്തിൽ നിഴലെടുത്തുയർന്നിട്ടുള്ള ഈ 'മേഘച്ഛായ'യെ അദ്ദേഹത്തിന്റെ പ്രതിഭയാകുന്ന മഴവില്ല് നെടുനീളം ഒളിവീശി അത്യാകർഷകമാക്കിയിരിക്കുന്നതു നോക്കുക! കവിസഹജമായ വിനയം നിമിത്തം മേഘാനുവാദം എന്നതിനു പകരം 'മേഘച്ഛായ' എന്നു ഇതിനു നാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മൂലത്തോട് ഏറ്റവും യോജിച്ചുപോയിട്ടുള്ള ഒരു തർജ്ജമയാണിതെന്നു ഒത്തുനോക്കിയാൽ സ്പഷ്ടമാകുന്നതാണ്". പി വി. കൃഷ്ണൻ നായർ, B. O. L, അവർകളുടെ വ്യാഖ്യാനത്തോടുകൂടി —

വില ഒരു ഉറുപ്പിക മാത്രം.

THE DECCAN PUBLISHING HOUSE,
HUZUR ROAD, CALICUT.

STEEL SAFES
AND
Strong Rooms Specialities

RENOWNED
QUALITY AND
WORKMANSHIP
TO ANY
SPECIFICATIONS.

PRICES MODERTE

THE COMMONWEALTH TRUST, LTD.,

CALICUT, MALABAR.